Patron:— H. E. Dr. James Kalacherry Ph. D., D. D , Bishop of Changanacherry.

President and Treasurer:— Very Rev. Fr. Romeo Thomas T. O. C. D , M. A., L. T.

Vice-President:— Mr. K. V. Thomas, Pottamkulam.

Secretary:— Mr. V. V. John M. A. (Oxon.).

Joint Secretary:— Mr. P. J. Joseph, Pullamkalam.

MEMBERS:— Rev. Fr. K. V. Joseph B. A.
Mr. P. R. Krishna Iyer M. A.
„ C. Gopala Panikker M. A., B. L.
„ V. J. Chandy B. A.
„ K. J. Cyriac M. A., B. L.
„ P. T. Chacko B. A.
„ M. J. Joseph B. A.
„ Joseph Kurian B. A. (Hons.)
„ P. C. Joseph M. A.
„ M. S. Raghavachari M. A.
„ C. Zackarias M. A., B. L.
„ T. J. Chacko B. A. (Hons.).
„ E. M. Thomas B. A.
„ V. V. Sebastian B. A., B. L.
„ P. K. Thomas B. A.
„ M. C. Mathai B. A.
„ M. C. Pothen B. A.
„ P. K. Kurian B. A.
„ T. V. Cherian B. A.
„ K. C. Ninan B. A.
„ M. S. Chacko B. A.

# REGISTER OF THE MEMBERS OF THE OLD BOY'S UNION

*Patron*

| | |
|---|---|
| * Rt. Rev. Dr. James Kalacherry | Ph. D., D. D., Bishop of Changancherry |

*Benefactors*

| | |
|---|---|
| * Very Rev. Fr. Romeo Thomas | T. O. C. D, M. A., L. T., Principal, S.B. College, Changanacherry |

*Life members*

| | |
|---|---|
| Mr. K V. Thomas, Pottamkulam, | Sea-view, Mundakayam |

*Honorary Members*

| | |
|---|---|
| Mr. K. J. Cyriac | M.A; B. L., Lecturer in Economics, S B. College, Changanacherry |
| Rev. Fr. K. K. Davasia | B. A, Teacher, S. B High School, Changanacherry |
| * Rev. Fr. A. C. Eapen | B. A, Ph. D., Vice-Principal, S. B. College, Changanacherry |
| * Mr D. Gopalan | M. A, Chief Lecturer in Physics, S B College, Changanacherry |
| ,, M. Govinda Pillay | B. A., Kainikara House, Perunna, Changanacherry |
| ,, V. V. John | M. A. (Oxon.) Add. Lecturer in English, S. B. C., Changanacherry |
| ,, P. C. Joseph | M. A., Lecturer in Mathematics, S. B. College, Changanacherry |
| Rev. Fr. K. V. Joseph | B. A., Teacher, S. B High School, Changanacherry |
| *,, M. T. Kurian | M. A., Lecturer in Mathematics, S. B. College, Changanacherry |
| ,, C. S. Kurian | M. A., Lecturer in English, S. B. College, Changanacherry |
| *,, P R. Krishna Iyer | M. A., Chief Lecturer in History & Economics, S.B.C., Changanacherry |
| *,, M. P. Paul | M. A., Chief Lecturer in English, S. B. College, Changanacherry |
| *,, M. S. Raghavachari | M. A, Chief Lecturer in Botany, S. B. College, Changanacherry |
| ,, P. V. Ulahannan | M. A., Lecturer in Malayalam, S. B. College, Changanacherry |

| | | |
|---|---|---|
| * | Mr. O. C. Varghese | M. A., L. T., Lecturer in History, S. B. College, Changanacherry |

*Ordinary Members*

| | | |
|---|---|---|
| | „ K. J. Abraham | B. A., Teacher, S B. High School, Changanacherry |
| * | „ T. T. Chacko | M. A., Lecturer in Chemistry, S. B. College, Changanacherry |
| | „ K. Chacko Kalarikal, | B. A , B. L , District Court Vakil, Kottayam |
| | „ P. C. Chacko | Puthenparampil House, Perunnai, Changanacherry |
| | „ P. T. Chacko | B. A.,Panikarodeth,Changanacherry |
| * | „ P. T. Chacko | M. A., S.B. College, Changanacherry |
| | „ M. S. Chacko | B. A.,Teacher, S. B. High School, Changanacherry |
| | „ T. J. Chacko | M. A., Thayil House, Changanacherry |
| | „ V. J. Chacko | Koduppana House, Changanacherry |
| | „ V. J. Chandy | B. A., Headmaster, V. M. School, Thathampally |
| | „ O. P. Chandy | B. A., Olazail, Changanacherry |
| | „ Chandy Thomas | Representative, The Madras Mail, Changanacherry |
| | „ T. V. Cherian | B.A., Excise Inspector, Changanacherry |
| * | „ P. R. Doraiswami Sarma | Siromani, Lecturer in Sanskrit, S. B College, Changanacherry |
| | „ C. S. Gopala Panikkar | M. A., B L., Vakil, Changanacherry |
| | „ V. Job | B. A , Palakkunnel, Karukachal |
| * | „ C. John | M. A , Chief Lecturer in Zoology, S B. College, Changanacherry |
| | „ M. A. John | M.A., S B. College, Changanacherry |
| * | „ K. J. Joseph | M. A , Lecturer in Zoology, S. B. College, Changanacherry |
| | „ P. T. Joseph | B.A., Panikarodeth, Changanacherry |
| * | „ T. J. Joseph | B. A., S. B. College, Changanacherry |
| | „ C. Joseph | M. A., Lecturer in Physics, S. B College, Changanacherry |
| | „ E. M. Joseph | B. A., Librarian, S. B. College, Changanacherry |
| | „ Joseph P. Kurian | B. A. (Hons.) The Premier Tutorial Institute, Tiruvella |
| | „ P. J. Joseph | Pullamkalam, Changanacherry |

DHARMARAM COLLEGE LIBRARY BANGALORE 15694

| | |
|---|---|
| Mr. P. T. Joseph | B. A, Demonstrator, S. B. College, Changanacherry |
| „ M. M. Joseph | B. A., B. L., District Court Vakil, Kottayam |
| „ M. J. Joseph | B. A., Teacher, S. B High School, Changanacherry |
| „ E. T. Joseph | B. A., Teacher, S. B. High School, Changanacherry |
| „ K. C. Joseph | B. A, Kavalom, Puthenpura, Changanacherry |
| „ K. J. Joseph | B. A., Kavalom, Clerk, The Palai Central Bank Ltd., Changanacherry |
| „ M. O. Joseph | Journalist, Ernakulam |
| „ P. D. Joseph | Payikkattu, Changanacherry |
| * „ A. Kochugovindan Nair | M. A., St. Berchmans' College, Changanacherry |
| „ M. T. Kuriakose | B. A., Teacher, S. B. High School, Changanacherry |
| „ P. K. Kurian | B. A., Tutor, S. B. College, Changanacherry |
| „ K. T. Kurian | B.A, Tutor, S.B.C, Changanacherry |
| „ O. J. Kuruvilai | B. A., S.B. College, Changanacherry |
| „ M. C. Mathai | B. A., Lecturer in Malayalam, S. B. College, Changanacherry |
| „ P. C. Mathews | B. Sc. (Hons.), S. B. College, Changanacherry |
| „ P. S. Mathew | B. A., Teacher, S. B. High School, Changanacherry |
| „ K. C. Ninan | B. A., Clerk, The Travancore National & Quilon Bank Ltd, Changanacherry |
| „ K. C. Pappoo | B.Sc., S.B. College, Changanacherry |
| „ M. C. Pothen | B. A., Agent, The Palai Central Bank Ltd, Changanacherry |
| * „ K. Sankara Pillai | B. A., Chief Lecturer in Malayalam, S. B. College, Changanacherry |
| * „ T. A. Satagopan | M. A., L. T., Chief Lecturer in Mathematics, S. B. College, Changanacherry |
| „ V. V. Sebastian | B. A., B. L., District Court Vakil, Kottayam |
| Rev. Fr. Thomas Veluthedeth | St. George's Church, Edathua |
| * Mr. K. V. Thomas | B. A., Physical Director, S. B. College, Changanacherry |

| | |
|---|---|
| Mr. C. J. Thomas | B. A., Chennithala House, Changanacherry |
| „ C. C. Thomas | S. B. Training School, Changanacherry |
| „ P. K. Thomas | B. A., S. B. High School, Changanacherry |
| „ P. C. Varghese | Pullamkalam, Changanacherry |
| * „ R. Vaithyanathan | M. A., Lecturer in Botany, S. B. College, Changanacherry |
| „ C. Zacharias | M. A, B. L., Vakil, Changanacherry |

## *Applications for Membership*

### *Ordinary Members*

| | |
|---|---|
| Mr. C. G. Abraham | B. A., Bethani Ashramam, Vadaserikara |
| „ A. K. Chacko | Arapurakkal House, Koipuram |
| „ D. Davasia | M. A, Teacher, English School, Bharananganam |
| „ K. George | Kottapuram, Mavelikara |
| „ N. K. Job | B. A., B. L., District Court Vakil, Kottayam |
| „ T. T. Mathai | Thekkedathu House, Edayaranmula |
| „ Mathew J. Kavalom | B. A, Headmaster, St. George's Eng. School, Manimala |
| „ Mathew C. Polak | B. A. (Hons.), Lecturer in English, St. Aloysius' College, Mangalore |
| „ C. J. Mathew | B. A., Clerk, Account Office, Trivandrum |
| „ K. V. Mathew | St Berchmans' Training School, Changanacherry |
| „ P. S. Oommen | Peedikaparampil House, Puthenkavu |
| „ P. K. Pothen | St. Berchmans' Training School, Changanacherry |
| „ P. V. Joseph | Pathil House, Edathua |
| „ K. Sankaran Tampi | B. A, Clerk, Taluk Office, Tiruvella |
| „ N. Sivarama Pillai | B. A., L. T., Teacher, N. S. S. Eng. High School, Perunnai, Changanacherry |
| „ P. G. Thomas | Puthenpurayil, Chennithala, Mavelikara |

---

* Not former students of the College, but Members of the Union.

ST. BERCHMANS' COLLEGE, CHANGANACHERRY



(OLD BUILDINGS)

# MALAYALAM SECTION



*By E. M. Joseph--III U. C.*

PAN'S PIPES

# പ്രകൃതിദേവന്റെ മുരളി *

**കെ. പി. കേശവൻ IV U. C.**

നാം അധിവസിക്കുന്ന ഈ ലോകത്തെ നിശിതബുദ്ധികളായ ശാസ്ത്രകാരന്മാരും കവികളും പല മട്ടിൽ വർണ്ണിക്കുകയും വാഴ്ത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രജ്ഞൻ അതിനെ ചില ഭൗതികഘടകങ്ങളായും ചില ഗണിതസൂത്രങ്ങളായും അപഗ്രഥിച്ചു കാണിക്കുമ്പോൾ കവിയാകട്ടെ അതിനുള്ളിൽ കളിയാടുന്ന വിശ്വശില്പിയുടെ കരകൗശലത്തെ കവനവീണയിൽ ആലാപിക്കുകയാണു ചെയ്യുന്നത്. അനുഭവത്തിൽ നിന്ന് ഒരു സങ്കരാവസ്ഥയുടെ പ്രതീതിയാണുണ്ടാവുക. പൊതുവിൽ ഒരു സിദ്ധാന്തം രൂപവൽക്കരിക്കുന്നതിനു വേണ്ട കരുക്കൾ സംഭരിക്കുവാൻ പുറപ്പെട്ടാൽ ഒരു വികലനബുദ്ധിക്കു പലതും പുറംതള്ളേണ്ടതായിവരും. ആവർത്തനംകൊണ്ട് പരിഹരിക്കാൻ ആകാത്ത ഒരു വൈപരീത്യം ഈ പ്രപഞ്ചഘടനയിൽ കലർന്നുകിടക്കുന്നുണ്ട്. മഞ്ഞുതുള്ളിയും മേഘനാദവും, മനുഷ്യാന്തകനായ "അററില"യും മധുമാസത്തിലെ അജപോതങ്ങളും, ഈ വൈരുദ്ധ്യത്തിലെ വർഗ്ഗഭേദങ്ങളാണ്. മാരണഹേതുകമായ ഒരു ഗ്രഹത്തിൽനിന്നോ എന്നുതോന്നുമാറ്, ദുർഗ്രഹവും അപരിചിതവുമായ ഏതോ ഒന്നു ജീവിതസൂത്രത്തിൽ ചുററിപ്പിണഞ്ഞുകിടക്കുന്നു. വസ്തുക്കളുടെ വൈജാത്യവും വേഷപ്പകർച്ചകളും നമ്മെ വിസ്മയിപ്പിക്കുന്നു. അതിരമ്യമായ ആമ്പൽപ്പൂവ് ചെളിക്കുണ്ടിൽനിന്നുയന്ന്, അല്പനേരം ദ്യോവിന്റെ അമൃതബിന്ദുക്കൾകൊണ്ട് സ്വയം പുലർത്തി വീണ്ടും മനുഷ്യസ്മരണയിൽനിന്നു മാഞ്ഞു മണ്ണടിയുന്നു. ഹാംലററു പറയുംപോലെ സീസറുടെ ഭസ്മശേഷംകൊണ്ട് കളിക്കുട്ടികൾ മണ്ണപ്പം മനയുകയും വാരിപ്പൂശി ആ കൊച്ചുപൂമേനികൾ മലിനമാക്കുകയും ചെയ്യുന്നു. മാത്രമോ, വസന്തത്തിന്റെ വക്ത്രത്തിൽ പുഞ്ചിരിപൂത്തുന്ന ഇളംവെയിലിന്റെ ജന്മദേശത്തെ ഒരു ശാസ്ത്രജ്ഞന്റെ കുഴൽക്കണ്ണാടിയിൽക്കൂടി ആരാഞ്ഞുനോക്കുക. ഒരു ദുരന്തസൂചകമായ വിശ്വത്തിന്റെ പേക്കിനാവുപോലെ, ജീവവൈരംവാച്ച നരകത്തിന്റെ എരിബാണങ്ങൾ ഉഗ്രഹുംകാരത്തിൽ ഇരമ്പിച്ചുഴന്ന ഒരഗ്നിപ്രളയംപോലെ ഭയാനകമായ സൂര്യനിൽനിന്നുമാണ് അതിന്റെ ഉല്പത്തിയെന്നു കാണാം. മനുഷ്യന് അവൻ പാറിക്കിടക്കുന്ന ഈ ജീവരംഗം തികച്ചും അ

---

* R. L. Stevenson ന്റെ Pan's Pipes എന്ന ലേഖനത്തിന്റെ സ്വതന്ത്രവിവർത്തനം.

രോചകമാക്കുവാൻ ഈ അഗ്നിമണ്ഡലം മാത്രം മതിയാകും. ഇത്രസംഹാരകമായ ഒരു പ്രകാശത്തിൽ സ്ഫുരിക്കുന്ന ഈ കൊച്ചുമൺഗോളത്തിൽ ഒരു പച്ചക്കാടോ പാപ്പിടടോ ഉണ്ടാവുക എത്ര അസംഗതമായിട്ടാണു് നമുക്കു തോന്നുന്നതു്! എന്നിട്ടും, റോമാസാമ്രാജ്യത്തെ ആഴക്കുചാമ്പലാക്കിയ ഹോമാഗ്നി ഒരു തീപ്പൊരിയായി ചൂളിപ്പോകുന്ന ഈ അഗ്നിപ്രപഞ്ചത്തിന്റെ പ്രകാശത്തിലാണല്ലൊ നാമിരുന്നു വീണമീട്ടുന്നതും മാളികമുററത്തിൽ ആരാമവിരുന്നിനു മേശവിരിക്കുന്നതും!

ഇങ്ങിനെയുള്ള പ്രകൃതിയെ പുരാതനഗ്രീക്കുകാർ ഒരു വിചിത്രദേവതയുടെ രൂപത്തിൽ സംഭാവനം ചെയ്തിട്ടുണ്ടു്. ഒരിക്കൽ അവൻ കോപംകൊണ്ടു് കാൽക്കുളമ്പുയർത്തി ഭൂമുഖം മെതിക്കുമ്പോൾ മഹാസേനകൾ ചിന്നി ശിഥിലങ്ങളാകുന്നു. മററൊരിക്കൽ പച്ചിലക്കാടിന്റെ പാർശ്വത്തിലിരുന്നു തന്റെ മുരളിയിൽ ഒരു നേരിയ നർമ്മഗാനം ചൊരിയുമ്പോൾ മലഞ്ചെരുവിൽ കലപ്പ പിടിച്ചു നില്ക്കുന്ന കർഷകനു് ഇളംവെയിൽ കുളിർനിലാവായി തണുത്തുപോകുന്നു. ഗ്രീക്കുകാർ ഈ ഭാവനയിൽ മനുഷ്യരുടെ അനുഭവത്തിന്റെ പരിപാകമെന്തെന്നു കാട്ടിത്തന്നു. രസതന്ത്രശാലയിലെ പുകപിടിച്ചു രസംവററിയ ഹൃദയങ്ങൾക്കു് പക്ഷേ പഞ്ചഭൂതങ്ങളും ചലനവും ഒരു പഴഞ്ചൻപണ്ഡിതരുടെ വല്ലസിദ്ധാന്തവും മാത്രം സജീവങ്ങളായിത്തോന്നിയേക്കാം. എന്നാൽ യൗവനത്തിന്റെയും സഹൃദയത്വത്തിന്റെയും കൺമുമ്പിൽ പ്രകൃതിദേവൻ ചിരംജീവിയാണു്. അവൻ മാത്രമാണു് പൗരാണികദേവതാകുടുംബത്തിൽ ഇനിയും അവശേഷിക്കുന്ന ഏകസന്താനം. നിഗ്രഹാനുഗ്രഹങ്ങൾ ഇടവിട്ടു നിഴലിക്കുന്ന നേത്രങ്ങളോടും, ലോകത്തിന്റെ പരുഷമായ മൃത്തികാംശം വ്യഞ്ജിപ്പിക്കുന്ന കുളമ്പുകാലുകളോടും അവൻ സർവ്വത്ര സഞ്ചരിക്കുന്നു. ഹൃദയം സമുചിതമായി സജ്ജീകരിച്ചുകൊണ്ടു ചെല്ലുക, ഓരോ ലതാനികുഞ്ജത്തിന്റെയും നിശ്ശബ്ദതയിൽ അവന്റെ മുരളീഗാനം നിങ്ങളെ സ്വാഗതം ചെയ്യും.

വിടുന്നലഞ്ഞ ചിററാമ്പൽക്കൊടിയിൽ കളിച്ചു മന്ദഹസിച്ചെത്തുന്ന പളുങ്കുപൂംചോലയെ ഇരമ്പിമറയുന്നഉപ്പുസമുദ്രം തരംഗാധരത്താൽ മുത്തിമാറണയ്ക്കുന്ന ഈ ലോകം മലർവാടിനിറഞ്ഞ ഒരു മരുപ്പറമ്പാണു്; സ്നേഹവും ദൗഷ്ട്യവും, ഇരുളുംവെളിച്ചവും അന്യോന്യം തഴുകിശ്ശയിക്കുന്ന ഒരു മായാമണിയറയാണു്. തളിരിട്ട തേന്മാവിൽ പൂങ്കുയിൽ പാടുന്ന പഞ്ചമമെന്തു്? വനപത്രത്തിൽ വർഷബിന്ദുക്കൾ നെടുകെപ്പതിച്ചു മന്ത്രിക്കുന്ന മർമ്മരത്തിന്റെ പൊരുളെന്തു്? പ്രഭാതത്തിലെ കുളിർനീരിൽ വലവളച്ചു്, മിനുമിനുത്തമീൻപററത്തെ വള്ളത്തിലേക്കു വലിച്ചിടുമ്പോൾ ദാശൻ ഊതുന്ന ചൂളത്തിന്റെ ലയമേതു്? ഇതെല്ലാം പ്രകൃതിദേവന്റെ മുരളിയിലെ പല

നാദഭേദങ്ങളാണ്—ആനന്ദം ഉയൎന്ന് ഓളം വെട്ടിയ നിമിഷങ്ങളിൽ തൻെറ മുരളിയിൽ പതിഞ്ഞ അധരവും അംഗുലികളും അവയെ ക്രമപ്പെടുത്തി കേൾപ്പിച്ചതാണ്. അട്ടഹാസംകൊണ്ടു മലയിടുക്കുകളെ കമ്പനം കൊള്ളിച്ച്, പാറക്കെട്ടുകളിൽ മാറെറാലി മുഴക്കുന്ന അജപാലൻെറ പ്രാകൃതമായ ആൎത്തനാദവും, വൈദ്യുതദീപങ്ങൾ വെള്ളിവിരിച്ച നഗരപാതയിലൊ മസൃണമായ ലീലാഗൃഹത്തിലെ മണിത്തറയിലൊ പതിയുന്ന കാൽപ്പെരുമാറാത്തിൻെറ മൃദുസംഗീതവും, പരന്ന പുൽത്തകിടിൽ സംഭ്രാന്തമായി മെതിച്ചു പായുന്ന കുതിരകളുടെ കുളമ്പൊച്ചയും, നദീവേണിയുടെ കളനാദവും, വസന്തം തുടച്ചു വെടിപ്പാക്കിയ ആകാശഫലകത്തിൻെറ തെളിവൎണ്ണവും, കാമുകൻെറ പുഞ്ചിരിയും അംഗുലിസ്പൎശവും, ചരാചരങ്ങളുടെ ജീവനാദവും, അവയുടെ അൎത്ഥഗൎഭമായ ആലോകനങ്ങളും, അവനൽകുന്ന നവോന്മേഷത്തിൻെറ പ്രേരണയും—ഇവയെല്ലാം പ്രകൃതിദേവൻെറ വിവിധങ്ങളായ ശ്രുതിവിശേഷങ്ങളാണ്. ആ താളത്തിനൊത്തു പ്രപഞ്ചം മുഴുവൻ നിന്നു നൎത്തനം ചെയ്യുന്നു. ഈ ഗാനത്തിൽ, ഒരു ഡിംഡിമത്തിൻെറ ശ്രുതിക്കുയോജിച്ചെന്നപോലെ ആട്ടിൻകുട്ടികൾ കുതിച്ചുതുള്ളുന്നു; ലണ്ടൻ വാണിക്ശാലയിലെ വില്പനക്കാരി പ്രാകൃതനൃത്തം ചവിട്ടുന്നു. എന്തെന്നാൽ, അതു് ഹൃദയത്തിൽ ഉന്മേഷത്തിൻെറ സുധാലഹരിയെ പകൎന്നുകൊടുക്കുന്ന പരിചൎയ്യയാണ്. ഉന്മേഷമുഹൂൎത്തങ്ങളിൽ ലോകത്തിൻെറ പ്രസന്നവശം തേടിച്ചെല്ലുക പ്രാണിസഹജവുമാണല്ലൊ. ഇത്തരം സൽപ്രേരണകൾക്കു വശപ്പെടുന്ന ചിലർ ഗാനരൂപത്തിൽ അവരുടെ ആനന്ദം പ്രകടമാക്കുന്നു. അവർ സ്വകീയാനന്ദത്തിനു വിധേയരാകുമ്പോൾ പരാനന്ദത്തിനു ഹേതുക്കളുമാണ്. ഒരു സുന്ദരമായ വസ്തുവിൽനോക്കി ഒരു പുതുസൌന്ദൎയ്യംകൊണ്ടു കുട്ടിയെപ്പോലെ അവർ തങ്ങളുടെ ആനന്ദം അന്യഹൃദയങ്ങളിലേക്കു പകൎന്നുനൽകുന്നു. മറെറാരു കൂട്ടർ ഈ പ്രപഞ്ചനൃത്തത്തിൽ മുറവിട്ടു ചാടിനടന്നു താളം തെററിക്കുന്നു. ചിലരാകട്ടെ ഒരു നടനശാലയിൽ വൃഥാഗൗരവം നടിച്ചിരിക്കുന്ന വമ്പന്മാരെപ്പോലെ ഈ ഗാനസുഖത്തെ ഉൾക്കൊണ്ടിട്ടും ഘനം വിടാതെ നിരുന്മേഷരായി കൂട്ടത്തിൽ നടക്കുന്നു. എന്നാൽ ഇക്കൂട്ടർ എത്രയെങ്കിലും ഗൌരവം നടിയ്ക്കട്ടെ—പ്രകൃതിദേവൻ തൻെറ മുരളിയിൽ ഉള്ളംനിറഞ്ഞ ഒരാനന്ദഗാനം പാടി ഈ ലോകത്തെ സംഗീതമയമായി മാററുമ്പോൾ അതിൻെറ അമൃതതരംഗം തട്ടി ജീവനാളം കോരിത്തരിക്കാത്ത ഒരു പ്രാണി പ്രപഞ്ചത്തിൻെറ കോണിൽപോലും കാണുകയില്ല.

ഇതുകൊണ്ടു തീൎന്നെങ്കിൽ അഹോ! എത്ര നന്നായിരുന്നേനേ! എന്നാൽ പലപ്പോഴും ഇതിനു ഒരു മറുവശമുണ്ടു്. കപ്പൽക്കൂട്ടങ്ങളെ പിന്നിട്ടെത്തി വേട്ടയാടുകയും മഹാപോതങ്ങളെ പായ്മരം കുത്തിമറിക്കുകയും,

പവ്വതശിഖരത്തിൽ പേരാൽ മരങ്ങളെ കടപറിച്ച നിലംപൊത്തിക്കുകയും ചെയ്യുന്ന നിശാവാതത്തിലും, ഇടയ്ക്കിടെ ഇരുൾകീറിപ്പായുന്ന മിന്നൽപിണറിലും, അലറിമറിയുന്ന ജലപാതത്തിലും നാം കാണുന്നതു് ജീവിതത്തിൻെറ അസ്ഥിവാരമായ ഭീതിയും പ്രകൃതിദേവൻെറ ഹൃദയത്തിലെ ക്രോധവുമാണ്. പ്രകൃതി അവളുടെ കുഞ്ഞുങ്ങളോടു പരസ്യമായി പടവെട്ടുന്നു. മൃദുവായ കരസ്പർശത്തിൽ കരൾ കീറുന്ന പുലിനഖം തിരുകിയിരിക്കും. ശീതളമായ തണ്ണീർപ്പൊയ്ക അതിൽ മുങ്ങി മരിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. ഭോജ്യം പചിച്ച ഗേഹാഗ്നി ഭവനവാസികൾ കണ്ണടച്ചിരിക്കുന്ന യാമത്തിൽ പടർന്നുകത്തി ആ ഗൃഹൈശ്വര്യം ചാമ്പലാക്കുന്നു. ഏതു വസ്തുവും നല്ലതോ തീയതോ, സഹായകമോ സംഹാരകമോ എന്നു നിർണ്ണയിക്കേണ്ടതു് പരിസരബന്ധത്തിൽ അതിനു നേരിടുന്ന പ്രയോജനഭേദംകൊണ്ടാണ്. ഇംഗ്ലണ്ടിലെ സൂര്യോദയം ഒരു പഞ്ചവാസരക്കാലം പ്രസന്നമാകണമെങ്കിൽ ഉത്തരസമുദ്രത്തിലെ കൊടുംകാററിൽ എത്ര മഹാ നൗകകൾ മനുഷ്യാത്മാക്കളെ ബലി നൽകണം! പ്രപഞ്ചത്തിൻെറ മധുരസംഗീതം പ്രകൃതിയുടെ അനുകമ്പ കാട്ടി, കാമുകജനങ്ങളെ ലീലാവിനോദത്തിലേക്കു തഴുകിവിടുമ്പോൾ, ഒരുനൊടിനേരംകൊണ്ടു ആ അന്തരീക്ഷം കാർ നിറഞ്ഞു കരാളമാകുന്നു. വിവാഹശയ്യയുടെ കീഴിൽ പതിയിട്ടുകിടന്ന മരണത്തിൻെറ കൈച്ചുരുളിൽ ദമ്പതിമാരിലൊരാൾ അകപ്പെടുന്നു. ഒരു ചുംബനത്തിൽ മരണം മറഞ്ഞിരുന്നേക്കാം. ഹൃദയം കവരുന്ന കാരുണ്യങ്ങൾ മാരകങ്ങളായി ഭവിച്ചേക്കാം. ഒന്നു മറെറാന്നിനെ ഭക്ഷിച്ചു പുലരുന്ന ഈ ജീവിതത്തിൽ പലപ്പോഴും ശിശുവിൻെറ ആവിർഭാവം അമ്മയുടെ ശവത്തിൽ നിന്നുമാണ്. ഇത്രമാത്രം വഞ്ചന നിറഞ്ഞ ഒരു വസ്തുപരിപാടിയുടെ മദ്ധ്യേ, നമുക്കു പ്രകൃതിദേവൻെറ സംകല്പം സൃഷ്ടിച്ചുതന്ന വിജ്ഞാനികൾ, പ്രപഞ്ച ഭീതികളിൽ അവൻെറ നേക്കുള്ള ഭീതിക്കു് പ്രാഥമ്യം നൽകിയതിൽ അത്ഭുതപ്പെടാനില്ല. എന്തെന്നാൽ, ആ ഭീതി അത്ര സാർവ്വത്രികമാണ്. ആപത്തുകളെ അനർഹമായ ഉൽക്കണ്ഠയോടെ പകച്ചുനോക്കുന്നതും, ഹൃദയഹാരിയായ പ്രപഞ്ചഗീതത്തിൽ കലന്നൊഴുകുന്ന ഭീതിക്കു് ഉററുനിന്നു ചെവി കൊടുക്കുന്നതും, മുള്ളുമൂലം പനിനീർച്ചെടിയുടേയും, മരണംമൂലം ജീവിതത്തിൻേറയും നേരെ നീട്ടിയ കരം പിൻവലിക്കുന്നതും പ്രകൃതിദേവനെ ഭയപ്പെടുകയാണ്. ജീവിതത്തിൻെറ ആനന്ദങ്ങളിലും കർത്തവ്യങ്ങളിലും നിന്നു പതറിപ്പാഞ്ഞു്, അത്യാഹ്ലാദങ്ങളും അന്തർയാതനകളും ഒന്നുപോലെ ഇടം വലം മാററിനിറുത്തി, ആചാരമാർഗ്ഗത്തിലെ മദ്ധ്യരേഖാചാരികളായിക്കഴിയുന്ന മാന്യന്മാരോടു്, ഈ ആലംകാരിക സങ്കല്പത്തിൽ, അവർ പേടികൊണ്ടു താടിതല്ലുന്ന ഭീരുക്കളാണെന്നും, പ്രകൃതിദേവൻെറ കാൽപെരുമാററം ഭയന്നു പ്രകൃതിയിൽനിന്നു പലായനം

ചെയ്യുന്ന ലഘുചിത്തന്മാരാണെന്നും പറഞ്ഞാൽ അതു അവരെ എത്രകണ്ടു വിസ്മയിപ്പിക്കയില്ല? പ്രകൃതിദേവന്റെ മുരളിയിൽ ഒരു പരുഷനാദം കേൾക്കട്ടെ, ആ നിമിഷം ധനവ്യാപാരി അവന്റെ നിലവറയിൽ പതുങ്ങിക്കഴിയും. ഒരുവന്റെ ആഭ്യന്തരവികാരങ്ങളെ അവിശ്വസിക്കുന്നതു് പ്രകൃതിദേവന്റെ നേരേയുള്ള ഉപജാപമാണു്.

പരിണാമസിദ്ധാന്തംകൊണ്ടു് സംതൃപ്തമാകാൻ തയ്യാറില്ലാതെ, ജീവിതാനുഭവങ്ങളുടെ വൈചിത്ര്യാത്മകമായ ഒരു ചിത്രത്തിനുവേണ്ടി ഹൃദയം ആരായുന്ന ചില മുഹൂർത്തങ്ങളുണ്ടു്. ഈ ചിത്താവസ്ഥ ചിലപ്പോൾ ജീവിതത്തിന്റെ ഫലിതവശത്തെ നോക്കിയുള്ള ഒരു പരിഹാസത്തിൽനിന്നു ജനിക്കാം. ഉദാഹരണത്തിനു്, മനുഷ്യർ കാൽനടയായോ, വാഹനമാർഗ്ഗമോ ധൃതികൂട്ടി ഒരു ദിക്കിലേക്കു സഞ്ചരിക്കുന്നതും, അതേസമയം ഈ ഭൂഗോളം വായുവേഗത്തിൽ മറുദിക്കിലേക്കു ഭ്രമിച്ചുകൊണ്ടിരിക്കുന്നതും, അങ്ങിനെ അവരുടെ വ്യഗ്രതകളെല്ലാം വിപരീതമായി വാസ്തവത്തിൽ അവർ ബ്രഹ്മാണ്ഡത്തിന്റെ അനന്തതയിൽക്കൂടി അതിവേഗം പിന്നോട്ടു പാഞ്ഞുപോകുന്നതുമായ സംഭവം ഒന്നു മാറിനിന്നു് സംകല്പിച്ചുനോക്കുക. മേല്പറഞ്ഞ ഹൃദയസ്ഥിതി ചിലപ്പോൾ ഭയത്തിന്റേയും ചിലപ്പോൾ സുഖത്തിന്റേയും സമാവേശത്തിൽ നിന്നു ജനിക്കുന്നു. ഏതായാലും ശാസ്ത്രം എന്ന പരിഹാസനാമത്തിൽ നാമറിയുന്ന ഈ വ്യാഖ്യാനജാലവിദ്യകൊണ്ടു് മയങ്ങാതെ, നാം അധിവസിക്കുന്ന വിശ്വരംഗത്തിന്റെ അസ്ഥിരവും അസ്വസ്ഥവുമായ അവസ്ഥയെ വ്യഞ്ജിപ്പിക്കുന്നതും, ബുദ്ധിയുടെ ജിജ്ഞാസയ്ക്കു കലയുടെ കാരണവാദത്താൽ ശമനം നൽകുന്നതും, ഹൃദയത്രാസകവുമായ ഒരു ജീവിതചിത്രം കാണുവാൻ കരൾകൊതിക്കുന്ന വിനാഴികകൾ വിരളങ്ങളല്ല. ശാസ്ത്രം വികാരംതൊടാത്ത വിരലുകൾകൊണ്ടു് ലോകചിത്രം വരച്ചുകാട്ടുന്നു. അതെല്ലാം ശരിയായിരിക്കാം. എന്നാൽ മേഷമാസത്തിലെ സാവേശമായ ഹൃദയത്തുടിപ്പും, മരണത്തിന്റെ മുഷ്ടിപാതവും, ഭൂകമ്പത്തിൽ ഗിരിശൃംഗങ്ങളുടെ കിടുകിടുപ്പും, വസ്തുക്കളുടെ മോഹനതയും, നാദങ്ങളുടെ പുളകോൽഗമതാപവും, കവിതാമോഹിനിതന്നെ മനുഷ്യമദ്ധ്യത്തിൽ സഹവാസത്തിനു വന്നുനില്ക്കുന്ന പ്രതീതിയും—ഇവയെല്ലാം സമ്മേളിക്കുന്ന ഈ പ്രപഞ്ചയാഥാർത്ഥ്യത്തോടു തട്ടിച്ചുനോക്കുമ്പോൾ ശാസ്ത്രത്തിന്റെ വിവരണങ്ങൾക്കെന്തു വിലയുണ്ടു്? തന്നിമിത്തം നമുക്കു് പുരാണംതന്നെ ശരണംഗമിക്കാം. ഒരു മലർവാടി നമ്മുടെ കാലടികളെ അങ്ങോട്ടു ക്ഷണിക്കുമ്പോൾ, പ്രകൃതിദേവൻ തന്റെ മുരളിയിൽ ഒരു നർമ്മശ്രുതിപാടി നമ്മെ നയിക്കുകയാണെന്നും, നേരേമറിച്ചു ജലപാതത്തിന്റെ ഗർജ്ജനത്തിൽ നമ്മുടെ ഹൃദയം വിറകൊള്ളുമ്പോൾ അപ്പുറത്തെ വല്ലിക്കുടിലിൽ അവന്റെ താണ്ഡവം തുടങ്ങിയിട്ടുണ്ടെന്നും ഗ്രഹിച്ചുകൊള്ളണം.

# "യാന്ത്രികകാലം"

വി. ജെ. ചാണ്ടി ബി. എ.

(പൂർവവിദ്യാർത്ഥി)

ആദിമകാലങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യർ ദുഷ്ടമൃഗങ്ങളെ ഹിംസിക്കുന്നതിനും, ഭക്ഷണപദാർത്ഥങ്ങൾ മുറിച്ചു ശരിപ്പെടുത്തുക തുടങ്ങിയുള്ള ഇതര ആവശ്യങ്ങൾക്കുമായി കല്ലുകൊണ്ടു ആയുധങ്ങൾ നിർമ്മിച്ചുപയോഗിച്ചിരുന്നു. ഈ വസ്തുത കാരണമായിട്ടാണ് അക്കാലങ്ങളെ "ശിലാകാലം" (**The Stone age**) എന്നു പറഞ്ഞുവരുന്നത്. പരിഷ്ക്കാരം വർദ്ധിച്ചുതുടങ്ങിയതോടുകൂടി മനുഷ്യർ ലോഹങ്ങൾ കണ്ടുപിടിക്കയും അവ ഉപയോഗിച്ചു ആയുധങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അക്കാലങ്ങളെ **The Iron age, The Bronze age** എന്നൊക്കെ ചരിത്രത്തിൽ വിവക്ഷിച്ചുവരുന്നു. ഇന്നു നാം യന്ത്രങ്ങളുടെ സഹായത്തോടുകൂടിയാണു പല ആവശ്യങ്ങളും സാധിക്കുന്നത്. യുദ്ധക്കളങ്ങളിലും, വ്യവസായ ശാലകളിലും, കൃഷിസ്ഥലങ്ങളിലും, എന്നുവേണ്ട, ഭക്ഷണാലയങ്ങളിൽപോലും പലമാതിരി യന്ത്രങ്ങൾ പ്രവൃത്തി ചെയ്യുന്നു. അതുകൊണ്ട് ഇന്നു നാം ജീവിക്കുന്ന ശതവർഷങ്ങളെ ഭാവിയിലെ ചരിത്രപഠിതാക്കൾ "യാന്ത്രികകാലം" (**The Machine age**) എന്നു നാമകരണം ചെയ്യുമെന്നു വിചാരിക്കുന്നതിനു് ന്യായമുണ്ട്.

ലോകചരിത്രത്തിൻെറ ആദ്യകാലങ്ങളിൽ അവരവർക്കു ആവശ്യമുള്ള എല്ലാ സാധനങ്ങളും ഓരോ ആളുകളും നിർമ്മിക്കയായിരുന്നുപതിവ്. അന്നു മുതലാളികളും തൊഴിലാളികളും ഉണ്ടായിരുന്നില്ല. കാലക്രമത്തിൽ മനുഷ്യരുടെ ആവശ്യങ്ങൾ വർദ്ധിക്കുകയും, ആവശ്യമായ എല്ലാ സാധനങ്ങളും ഓരോരുത്തരും ഉണ്ടാക്കുകയെന്നതു പ്രയാസമായിത്തീരുകയും ചെയ്തു. ഒരു മനുഷ്യൻ, ധാന്യങ്ങൾ വിതച്ചു കൃഷിചെയ്യുക, നൂൽനൂത്തു വസ്ത്രങ്ങൾ നെയ്യുക തുടങ്ങിയുള്ള അനേകം ജോലികൾ ആദ്യന്തം പരസഹായംകൂടാതെ ചെയ്യേണ്ടിയിരുന്നാൽ അതു എത്രമേൽ വിഷമകരമായിരിക്കുമെന്നു ഊഹിക്കാമല്ലൊ. അതുകൊണ്ടു കാലക്രമത്തിൽ മനുഷ്യർ ചില പ്രത്യേകജോലികൾ പരിശീലിച്ചു അവയിൽ വൈദഗ്ധ്യം സമ്പാദിക്കയെന്നുള്ളത് അത്യാവശ്യമായിത്തീർന്നു. ഇങ്ങനെയാണ് കൃഷി, നെയ്ത്ത്, ചെരിപ്പുകുത്ത് തുടങ്ങിയുള്ള വ്യത്യസ്തങ്ങളായ തൊഴിലുകൾ പല ആളുകൾ ചെയ്തുതുടങ്ങിയത്. എന്നാൽ അസംസ്കൃതസാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനു് ആവശ്യമായ ധനം ഇല്ലായ്കയാൽ തൊഴിൽ-

അഭ്യസിച്ചിട്ടുള്ളവക്കെല്ലാം അതു ചെയ്യുന്നതിനു സാധിക്കാതെയായി. കൈവശം പണമുള്ള ഒരാൾ വിലകൊടുത്തു അസംസ്കൃത സാധനങ്ങൾ വാങ്ങിയശേഷം, തന്റെ പ്രത്യേക മേൽനോട്ടത്തിൽ തൊഴിലുകാരെ ഇരുത്തി ജോലി ചെയ്യിക്കുന്ന സമ്പ്രദായം അടുത്തുതന്നെ നടപ്പിൽവന്നു. ജോലി ചെയ്യുന്ന ആളുകൾക്കു മുതലാളി കൂലികൊടുത്തു പിരിച്ചയച്ചിരുന്നതല്ലാതെ, അവക്കൊക്കെതന്നെ ഉല്പന്നങ്ങളിൽ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. ഇങ്ങനെയാണു തൊഴിലാളികളും മുതലാളികളും എന്നുള്ള വ്യത്യാസം ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. കാലക്രമത്തിൽ ജനസംഖ്യയും തൽഫലമായി ഉല്പന്നങ്ങൾക്കുള്ള ചെലവും വർദ്ധിച്ചുതുടങ്ങി. വിവിധ സാധനങ്ങൾ കൂടുതലായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയുണ്ടായപ്പോൾ അതിനുതകുന്ന യന്ത്രങ്ങളും കണ്ടുപിടിച്ചു. 1764-ൽ നൂൽ നൂൽക്കുന്നതിനും, 1799-ൽ കടലാസു നിർമ്മിക്കുന്നതിനും, 1780-ൽ ചിമ്മിണികൾ ഉണ്ടാക്കുന്നതിനും യന്ത്രങ്ങൾ ഉണ്ടായി. 1814-ൽആയിരുന്നു ആദ്യമായി തുന്നൽയന്ത്രങ്ങൾ നിർമ്മിച്ചതു്. 1833-ൽ കമ്പിയടിക്കുന്നതിനുള്ള വിദ്യകൾ കണ്ടുപിടിച്ചു. ഇങ്ങനെ ഒന്നിനെത്തുടർന്നു മറെറാന്നെന്നോണം അനേകം യന്ത്രങ്ങൾ ആവിർഭവിച്ചതോടുകൂടി വ്യവസായങ്ങൾ ക്രമപ്രവൃദ്ധമായ ഉൽക്കർഷം പ്രാപിച്ചു. എഡിസൺ തുടങ്ങിയുള്ള വിദഗ്ദ്ധന്മാരുടെ പരിശ്രമഫലമായിവ്യവസായങ്ങൾ തരിതപ്പെടുത്തുന്നതിനു മററനേകം മാർഗ്ഗങ്ങളും കരഗതമായി. റേഡിയോ, കമ്പിയില്ലാക്കമ്പി, വ്യോമയാനങ്ങൾ എന്നിവയുംകൂടിയായപ്പോൾ ഇന്നത്തെ നിലയിലുള്ള വ്യവസായങ്ങൾ സാദ്ധ്യമായിത്തീർന്നു.

യന്ത്രങ്ങൾ കണ്ടുപിടിച്ചിട്ടില്ലാത്ത പൌരാണികകാലങ്ങളിൽ ഒരു നദി തരണം ചെയ്യുകയെന്നുള്ളതുപോലും എത്ര വിഷമമായിരുന്നു! ഭീമൻ പാന്ഥന്മാരായ ചില ബ്രാഹ്മണരെ ശിരസ്സിൽ വഹിച്ചുകൊണ്ടു ഗംഗാനദിയുടെ ഒരു കരയിൽ നിന്നു മറുകരയിലേക്കു നീന്തിത്തുടങ്ങിയെന്നും, മാർഗ്ഗമദ്ധ്യേ യാത്രക്കാർ തന്റെ മണ്ടയിൽവച്ചു പാക്കും വെററിലയും ചതച്ചുതുടങ്ങിയപ്പോൾ ഭീമൻ നദിയിൽ താണുകളഞ്ഞെന്നും ഒരു കഥ കേട്ടിട്ടുണ്ടു്. ജലത്തിൽകൂടി യാത്രചെയ്യുന്ന കാര്യം അക്കാലങ്ങളിൽ എത്രമാത്രം പ്രയാസമായിരുന്നെന്നു ഇതിൽനിന്നു ഊഹിക്കാമല്ലോ. ഇന്നാകട്ടെ മനുഷ്യർ അതിവിസ്തീർണ്ണങ്ങളായ സമുദ്രങ്ങളെ തരണംചെയ്ക മാത്രമല്ല, അവയുടെ അത്യഗാധത്തിലും ആകാശമണ്ഡലത്തിലും നിർബ്ബാധം സഞ്ചരിക്കുന്നു. എന്നാൽ ഇമ്മാതിരിയിൽ യന്ത്രങ്ങൾകൊണ്ടു് നമുക്കു സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളെയോ, അവയുടെ ദുരുപയോഗംകൊണ്ടു യുദ്ധംമുഖേനയും മററും ലോകത്തിനുണ്ടായിട്ടുള്ള നാശങ്ങളെയോ, പരിചിന്തനം ചെയ്യുന്നതല്ല ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. വ്യവസായങ്ങ

ൾക്കു ഏതു തരത്തിലുള്ള അനുഭവങ്ങളാണുണ്ടായിട്ടുള്ളതെന്നു അന്വേഷിക്കാം.

വിവിധങ്ങളായ യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടുകൂടി വ്യവസായങ്ങൾക്കു സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധി അനുപമേയമാണ്. ഏററവും വിശിഷ്ടതരങ്ങളായ സാധനങ്ങൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിനു യന്ത്രങ്ങൾക്കു സാധിക്കുന്നു. ജപ്പാൻ തുടങ്ങിയുള്ള ദേശങ്ങളിൽനിന്നു ഇന്നാട്ടിൽ ഇറക്കുമതി ചെയ്യുവാനുള്ള വ്യവസായോല്പന്നങ്ങൾ വളരെ ഉയന്ന തിരുവസ്സുശേഷംപോലും എത്ര കുറഞ്ഞ വിലയ്ക്കു വില്ക്കപ്പെടുന്നുവെന്നുള്ള വസ്തുത വിസ്മയാവഹമാണ്. നമുക്കു നിസ്സാരവിലയ്ക്കു ലഭിയ്ക്കുന്ന മൊട്ടുസൂചിയുടെ കാൎയ്യം ഒന്നാലോചിച്ചു നോക്കുക. ഓരോ മൊട്ടുസൂചിയും അനേകം യന്ത്രങ്ങളുടെ സഹായത്തോടുകൂടിയാണ് നിമ്മിക്കപ്പെടുന്നതു്. ഇന്നു കാശിനു അഞ്ചോ ആറോ വീതം ലഭിക്കുന്ന സൂചി തട്ടാന്മാർ ഓരോന്നായി നിർമ്മിക്കേണ്ടിയിരുന്നാൽ ഗണ്യമായ വിലകൊടുക്കാതെ കിട്ടുന്നതല്ലെന്നു വിചാരിക്കാൻ പ്രയാസമില്ല. ഇങ്ങനെ കുറഞ്ഞ വിലയ്ക്കു സാധനങ്ങൾ കിട്ടുന്നതുകൊണ്ടു കുറഞ്ഞ ആദായംമാത്രം പ്രതിമാസമുള്ള ആളുകൾക്കുപോലും സുഖമായി ജീവിക്കുന്നതിനു കഴിയുന്നുണ്ടു്. അതുകൊണ്ടാണ് ഫ്രാൻസിൽ വേഴ്സെയിൽസു കൊട്ടാരത്തിൽ പണ്ടു മേരിരാജ്ഞി അനുഭവിച്ചിരുന്നതിൽ കൂടുതൽ സുഖകരങ്ങളായ സാഹചര്യങ്ങൾ ഇന്നത്തെ കൂലിവേലക്കാൎക്കുണ്ടെന്നു ആധുനികഗ്രന്ഥകാരന്മാരിൽ പ്രസിദ്ധനായ ഒരാൾ പറഞ്ഞിട്ടുള്ളതു്.

ഇങ്ങനെ യന്ത്രങ്ങൾ ഉപയോഗിച്ചു നടത്തിവരുന്ന വ്യവസായങ്ങൾ ഹേതുവായിട്ടു ലോകത്തിനു അനേകം ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെങ്കിലും, അവയുടെ ഭയങ്കര ഭവിഷ്യത്തുക്കളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈവക ഗുണങ്ങൾ വളരെ നിസ്സാരങ്ങളായിത്തോന്നിക്കുന്നതാണ്. വിലയേറിയ യന്ത്രങ്ങൾ വാങ്ങി വ്യവസായശാലകൾ ആരംഭിക്കുന്ന ധനികന്മാർ ഏററവും നിസ്സാരമായ ചെലവുചെയ്തു ഏററവും കൂടുതൽ ആദായം കരസ്ഥമാക്കുന്നതിനു ശ്രദ്ധയുള്ളവരായിരിക്കുമല്ലൊ. വ്യവസായശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു ആരോഗ്യപ്രദമായ ചുററുപാടുകൾ ഉണ്ടാക്കിക്കൊടുക്കുന്ന വിഷയത്തിൽ ഉടമസ്ഥന്മാർ ശ്രദ്ധിക്കുന്നില്ല. സൂൎയ്യപ്രകാശം ഒരിക്കലും പ്രവേശിച്ചിട്ടില്ലാത്തതും വൃത്തിഹീനവുമായ വ്യവസായശാലകൾ ഇനിയും ധാരാളമുണ്ടു്. ദീർഘസമയം ഇങ്ങനെയുള്ള ശാലകളിൽ ശരിയായ വിശ്രമം കൂടാതെ ജോലി ചെയ്യുന്ന കൂലിക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ചു ആരാണന്വേഷിക്കുവാനുള്ളതു്? ജോലിസമയം, ഫാക്ടറികളിലെ ശുചിത്വം, ഈ വക കാൎയ്യങ്ങളിൽ ഗവമ്മെൻറുകൾ നിയമങ്ങൾ പാസ്സാക്കിത്തുടങ്ങിയിട്ടുണ്ടെന്നു വരികിലും സാധുക്കളായ തൊഴിലാളികൾക്കു

ഉപകരിക്കത്തക്ക രീതിയിൽ ഈ വക നിയമങ്ങൾ പ്രയോഗിച്ചിട്ടുണ്ടോ എന്നു സംശയമാണു്. സാധുക്കളായ ആളുകൾ തിങ്ങിക്കൂടി പാൎക്കുന്നതു കൊണ്ടുള്ള വൃത്തിയില്ലായ്മയും തൽഫലമായ സാംക്രമികരോഗങ്ങളും വ്യവസായശാലകൾ ഉള്ള എല്ലാ പട്ടണങ്ങളിലെയും സാധാരണ അനുഭവമാണു്. തൊഴിലില്ലായ്മയാണു് യന്ത്രങ്ങളുടെ ഉപയോഗംകൊണ്ടു ജനസമുദായത്തിനുണ്ടായിട്ടുള്ള ഒരു വലിയ നാശം. പണ്ടുള്ള കാലങ്ങളിൽ മനുഷ്യർ തങ്ങളുടെ കൈകൊണ്ടു ചെയ്തിരുന്ന ജോലികൾ എല്ലാംതന്നെ ഇന്നു യന്ത്രങ്ങളാണു ചെയ്യുന്നതു്. ഒരു വ്യവസായശാലയിൽ 50,000 കുതിരശക്തിയുള്ള ഒരു യന്ത്രം ഉപയോഗിച്ചു തുടങ്ങുന്നതോടുകൂടി എത്രമാത്രം ആളുകൾക്കാണു് ജോലിയില്ലാതെ വന്നുകൂടുന്നതു്. അഥവാ, ഫാക്ടറികളിൽ തൊഴിലാളികൾ ചെയ്തുവരുന്ന ജോലിയുടെ രൂപമെന്താണെന്നുതന്നെ ആലോചിച്ചു നോക്കുക. ഒരു സാധനം നിൎമ്മിക്കുന്ന മനുഷ്യൻ തന്റെ ബുദ്ധിയും ആലോചനാശക്തിയും ശരിയായി വിനിയോഗിച്ചു പ്രസ്തുതസാധനം ഏററവും നന്നാക്കുവാൻ ശ്രമിക്കുകയെന്നുള്ളതു് സാധാരണമാണു്. ഒരു ചെരിപ്പുകുത്തി ചെരിപ്പുകൾ നിൎമ്മിക്കുമ്പോൾ താൻ ഉണ്ടാക്കുന്ന ചെരിപ്പു് ആവശ്യക്കാരുടെ ഇഷ്ടത്തിനു അനുസരണമായിരിക്കുന്നതിനു വേണ്ടി അവന്റെ ബുദ്ധിയെ വേണ്ടുംവിധം ഉപയോഗിക്കുന്നു. എന്നാൽ വ്യവസായശാലകളിൽ തൊഴിലാളികളുടെ ബുദ്ധിക്കു യാതൊരു സ്ഥാനവുമില്ല. ചായമിടുന്നവൻ എന്നും ചായമിടുന്നു; കയറു ചുററുന്നവൻ എല്ലായ്പ്പോഴും അതുതന്നെ ചെയ്യുന്നു. പായ് നെയ്യുന്നവൻ അങ്ങനെയും. ഓരോ തൊഴിലാളിയും, ചുരുക്കത്തിൽ പറഞ്ഞാൽ, നിശ്ചിതരീതിയിൽ പ്രവൎത്തിക്കുന്ന ഓരോ യന്ത്രമാണു്. ഇക്കാരണത്താലത്രെ ഇന്നു മനുഷ്യന്റെ ബുദ്ധിയും യന്ത്രങ്ങളും തങ്ങളിൽ പ്രതിയോഗികളാണെന്നു് സാധാരണ പറയാറുള്ളതു്. തൊഴിലാളികൾക്കു ശരിയായ കൂലി കിട്ടുന്നില്ല. ധനസമ്പാദനവിഷയത്തിൽ ഉത്സുകതരായ ഉടമസ്ഥന്മാർ ഏററവും കുറഞ്ഞ കൂലികൊടുത്തു ഏററവും കൂടുതൽ ജോലി ചെയ്യിക്കുന്നതിനാണു ആഗ്രഹിക്കുന്നതു്. ജോലിക്കാൎക്കു ജീവസന്ധാരണത്തിനു അത്യാവശ്യമായ രീതിയിൽ എത്രയും കുറഞ്ഞ കൂലിക്കു മാത്രമെ അവകാശമുള്ളു. The Subsistence Theory of Wages എന്നു തുടങ്ങി തങ്ങളുടെ ആശയങ്ങൾക്കു അനുസരണമായ ചില തത്വങ്ങളും മുതലാളിമാർ കണ്ടുപിടിച്ചു.

ഈവക വൈഷമ്യങ്ങളെ പരിഹരിക്കുവാൻ എന്താണു മാൎഗ്ഗം? ദാരിദ്ര്യവും തൊഴിലില്ലായ്മയും ലോകത്തിൽ വൎദ്ധിക്കുന്നതിനുള്ള ഹേതു യന്ത്രങ്ങളാണെന്നും, അതുകൊണ്ടു മനുഷ്യദ്രോഹിയായ ഈ 'ഗോലിയാത്തി'നെ നശിപ്പിക്കയാണു വേണ്ടതെന്നും ഒരു കൂട്ടർ ശഠിക്കുന്നു. യന്ത്രങ്ങ

ളുടെ ഉപയോഗംകൊണ്ടു ലോകത്തിൽ നാശങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു പരമാൎത്ഥമാണ്. എന്നാൽ അവയുടെ വിനിയോഗംകൊണ്ടു മനുഷ്യർക്കു സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളും നിസ്തുല്യങ്ങളാണ്. പ്രകൃതിയിൽതന്നെ ഗുണങ്ങൾ മാത്രം തികഞ്ഞു യാതൊന്നും പൂർണ്ണമായി കാണുന്നില്ല. ഈശ്വരസൃഷ്ടമായ പ്രകൃതിയെ സംബന്ധിച്ച വസ്തുത ഇങ്ങനെയിരുന്നാൽ മനുഷ്യനിൎമ്മിതങ്ങളായ യന്ത്രങ്ങളുടെ കാൎയ്യം എന്തിനുപറയുന്നു! എന്നാൽ യന്ത്രങ്ങൾകാരണമായി ഏതാനും ദൂഷ്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന കാരണത്താൽ യന്ത്രങ്ങളെ നിശ്ശേഷം നശിപ്പിച്ചു കളയുകയാണുത്തമം എന്നു കരുതുന്നതു 'എലിയെതോല്പിച്ചു ഇല്ലത്തിനു തീ വെയ്ക്കുന്ന'തിനുസമമാണ്. മാത്രമല്ല, അഥവാ യന്ത്രങ്ങൾ കൊണ്ടുണ്ടായിട്ടുള്ള ദൂഷ്യങ്ങളെ പരിഹരിക്കുന്നതിനു യന്ത്രങ്ങളെയെല്ലാം നശിപ്പിക്കുന്നതാണുത്തമമാൎഗ്ഗം എന്നിരുന്നാൽതന്നെയും അതു പ്രായോഗികമല്ല. യന്ത്രങ്ങളേയും തൽഫലമായി ഇന്നത്തെ വ്യവസായരീതികളേയും ബഹിഷ്ക്കരിച്ചാൽ നമുക്കു ആവശ്യമുള്ളത്രയും സാധനങ്ങൾ മനുഷ്യകരംകൊണ്ടു നിൎമ്മിക്കുവാൻ കഴിയുന്നതല്ല. തക്ലിയും ചൎക്കയും ഉപയോഗപ്പെടുത്തി ഇന്ത്യയുടെ ആവശ്യത്തിനുള്ള വസ്ത്രം മുഴുവൻ നിൎമ്മിക്കുന്നതിനു സാധിക്കുമെന്നുള്ള മഹാത്മാഗാന്ധിയുടെ അഭിപ്രായം എത്രതന്നെ ആകർഷണീയമായിരുന്നാലും, അതിൻെറ പ്രായോഗികതയെ സംബന്ധിച്ചു സംശയിക്കേണ്ടതുണ്ട്. അതുകൊണ്ട് യന്ത്രങ്ങളുടെ സഹായംകൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. അവയോടു മനുഷ്യൻ മത്സരിച്ചതുകൊണ്ടു വിശേഷവുമില്ല. പിന്നെ എങ്ങനെയാണു വ്യവസായലോകത്തെ അഭിമുഖീകരിച്ചിട്ടുള്ള അതിഗഹനങ്ങളായ പ്രശ്നങ്ങൾക്കു തീരുമാനമുണ്ടാക്കുക? വ്യവസായങ്ങൾ ഇന്നത്തെരീതിയിൽ തുടർന്നുകൊണ്ടിരുന്നാൽ തൊഴിലാളികൾക്കു എന്താണു രക്ഷാമാൎഗ്ഗം? മുതലാളികളും ജോലിക്കാരും തങ്ങളിൽ സഹോദരബുദ്ധ്യാ വൎത്തിച്ചെങ്കിൽ മാത്രമേ, തൊഴിലാളികളുടെ ഉൽഗതിയും വ്യവസായാഭിവൃദ്ധിയും സാദ്ധ്യമാവൂ. യന്ത്രങ്ങളുടെ ഉപയോഗംകൊണ്ടുള്ള ഗുണങ്ങൾ മുഴുവൻ അനുഭവിച്ചുവരുന്ന തൊഴിലുടമസ്ഥന്മാരും തൽഫലമായി കഷ്ടതയനുഭവിക്കുന്ന കൂലിവേലക്കാരും തങ്ങളിൽ മൈത്രിയുണ്ടാകേണ്ടതാണ്. ഉടമസ്ഥന്മാരുടെ ധനവും, യന്ത്രങ്ങളുടെ സഹായവും, തൊഴിലാളികളുടെ പ്രയത്നവും എല്ലാം വ്യവസായോല്പന്നങ്ങളുടെ നിൎമ്മിതിയിൽ ഒന്നുപോലെ അത്യാവശ്യമാണ്. അതുകൊണ്ടു ഏകോപിച്ചുള്ള പ്രവൎത്തനംകൊണ്ടുമാത്രമേ വ്യവസായങ്ങൾക്കു അഭിവൃദ്ധിയും ജനതാമദ്ധ്യത്തിൽ ഐശ്വൎയ്യവും സംസിദ്ധമാവൂ.

ന്യൂയോക്കിൽ നിന്നു പുറപ്പെടുന്ന ഒരു മാസികയിൽ അത്യന്തം അനൎത്ഥമായ ഒരു ചിത്രം കാണുകയുണ്ടായി. ദീർഘകാലത്തെ അദ്ധ്വാനംകൊണ്ടു ക്ഷീണിച്ചു വിളറിയ ഒരു വൃദ്ധൻ വ്യവസായശാലകളിൽ

ഇരുന്നുകൊണ്ടു കൃപ്പിയകരങ്ങളോടുകൂടി "നമുക്കു തങ്ങളിൽ മത്സരിക്കേണ്ട; പരസ്പരം സഹകരിച്ചു പ്രവർത്തിക്കാം"(**Let's help, not fight each other**)എന്നു കെഞ്ചിയാചിക്കുന്നതായിട്ടാണു അതിൽ കാണിച്ചിരിക്കുന്നതു് ഇങ്ങനെയുള്ള സൗഹാർദ്ദം എന്നു പുനഃസ്ഥാപിതമാകുന്നുവോ, അന്നു വ്യവസായലോകത്തിൽ കണ്ടുവരുന്ന കുഴപ്പങ്ങൾ അവസാനിക്കുന്നതാണ്; ആധുനികസ്ഥിതിഗതികളെ സംബന്ധിച്ചു നീതിജ്ഞന്മാർ പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങൾ അപ്പോൾ പരിഹരിക്കപ്പെടുന്നതാണ്; ഭാവിയിലെ ചരിത്രപഠിതാക്കൾ യാന്ത്രികകാലത്തിലെ വ്യവസായാഭിവൃദ്ധിയേയും സമാധാനത്തെയും കുറിച്ചു വിസ്മയിക്കുന്നതാണ്.

# ഭാവനാശക്തി.

V. P. N. Nampudiripad-I U. C.

ഏതെല്ലാം പരിധികളിൽക്കൂടി പരിഗണിച്ചാലും, 'മോസസ്സ്" പുരാതനകാലങ്ങളിലെ ഒരു മഹാത്മാവ് ആയിരുന്നു. പ്രകൃതി ഇതിലും മഹത്തായ ഒരു മനസ്സു സൃഷ്ടിച്ചിട്ടുണ്ടോ എന്നു സംശയമാണ്. നിയമത്തിന്റെയും, ഗവമ്മെന്റിന്റെയും, വിദ്യാഭ്യാസത്തിന്റെയും ആവിർഭാവമുണ്ടായതു് അദ്ദേഹത്തിന്റെ മഹത്തായ മസ്തിഷ്കത്തിൽ നിന്നുമാണെന്നു് നാം അറിയുമ്പോൾ, ആ മരുഭൂമിയിലെ നിയമപണ്ഡിതൻ പടുത്ത അസ്ഥിവാരത്തിൽ ആധുനികപ്രജാപ്രഭുത്വം അടിയുറച്ചു നില്ക്കുന്നുവെന്നു് നാം അനുസ്മരിക്കുമ്പോൾ, ആ മഹാനുഭാവന്റെ വിശിഷ്ടമായ കവിതാചാതുരിയേയും, സാഹിത്യസമ്പത്തിനേയുംപററി പരിഗണിക്കുമ്പോൾ, ഏററവും മഹത്തരമായ കല്പനാശക്തി നിറഞ്ഞ ഒരു ധീമാനായിക്കാണാം, നമുക്കു മോസസ്സിനെ. തന്റെ ജീവിതകാലത്തുണ്ടായ അസംഖ്യേയങ്ങളായ തടസ്സങ്ങളും, ആശ്ചര്യഭൃതമായ വൈലക്ഷ്യങ്ങളും അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ കുറേക്കൂടി അച്ഛസ്ഫടികതരമാക്കിത്തീർക്കുന്നുണ്ടു്. ജനനം ഒരു അടിമയുടെ ചെററക്കുടിലിലായിരുന്നുവെങ്കിലും ക്രമാതീതമായി സ്ഫുരിച്ച അദ്ദേഹത്തിന്റെ മതിപ്രകർഷം മഹാത്മാക്കളുടെ സമ്മതത്തിനും ശ്ലാഘയ്ക്കും നിദാനമായിത്തീരുകയും, അടിമക്കമ്പോളത്തിൽ നിന്നും അരചഗേഹത്തിലേക്കു് അദ്ദേഹത്തെ ഉയർത്തുകയും ചെയ്തു.

മോസസ്സിന്റെ മനോവൈഭവം അവർണ്ണനീയംതന്നെ. കൊട്ടാരത്തിലെ ആഡംബരാർഭാടങ്ങളിലേക്കോ, അതോ, സ്വജനങ്ങളുടെ അസ്വതന്ത്രമായ വശത്തേക്കോ, തിരിയേണ്ടതെന്നു് രാജ്യത്തെ കലാപബഹുലമായ സ്ഥിതിഗതികൾ അദ്ദേഹത്തെ നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം ലവലേശം മടിച്ചില്ല; കാരണം, അദ്ദേഹം ഓരോ ഇഞ്ചും ഒരു നായകനായിരുന്നു. ആ സമയം, മോസസ്സ് കൊട്ടാരത്തിലെ ധാടിയും മോടിയും ദൂരെ ത്യജിച്ചു; അടിമകളായ സഹജരോടു ഒത്തൊരുമിച്ചു; മരുഭൂമിയിലേക്കു ഓടിയ്ക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രത്യാഗമനംപോലെ അത്ര അത്ഭുതകരമായും അത്ര ശക്തിമത്തായും വേറൊന്നില്ല. ഏകാകിയായി ഒരു ജനതയുടെ മുഴുവൻ സ്വാതന്ത്ര്യം അദ്ദേഹം വീണ്ടെടുത്തു. നമ്മുടെ നേതാക്കന്മാർ സൈന്യസഞ്ചയത്തിന്റെ സഹായത്തോടുകൂടി അടിമകൾക്കു സ്വാതന്ത്ര്യം സമ്പാദിച്ചിട്ടുണ്ടാവാം; ഇദ്ദേഹമാകട്ടെ, മൂന്നുകോടി അടിമകളുടെ അസ്വാ

തന്ത്ര്യത്തെ നിഹനിച്ചു. മററു യുദ്ധവീരന്മാർ പീരങ്കിയുടെ സഹായത്തോടു കൂടി കൊട്ടാരങ്ങൾ കൊള്ളചെയ്തിട്ടുണ്ടാവാം; ഇദ്ദേഹമാകട്ടെ, തൻെറ നിരായുധമായ ഹസ്തങ്ങൾകൊണ്ട് കൊട്ടാരങ്ങൾ തച്ചുടച്ചു. മോസസ്സിൻെറ പരിശീലനം ആ ജനതതിയെ ഒരു സംഘം പട്ടാളങ്ങളാക്കി; ആ അടിമകൾ സ്വരാജ്യസ്നേഹികളും പൗരന്മാരുമായി. അദ്ദേത്തിൻെറ മനസ്സു ലക്ഷോപലക്ഷം ജനങ്ങൾക്ക് ഒരു സർവകലാശാലയായിത്തീർന്നു. സകല നാമങ്ങൾക്കും ഉപരി സ്ഥിതിചെയ്യുന്ന ആ ഒരൊററ നാമമൊഴിച്ചു—ഈശ്വരൻ—വേറൊരു പേരും മോസസ്സിൻേറതിനേക്കാൾ ഉപരിയായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല.

ബുദ്ധിമാന്മാരായ ആളുകൾ ആരാഞ്ഞേക്കാം, എവിടെനിന്നുണ്ടായി അദ്ദേഹത്തിൻെറ ഭീമമായ ആ ശക്തി? എന്ന്. മോസസ്സ് ഒരു സംഘം രാക്ഷസീയരുടെ പിതൃത്വം വഹിച്ചിരുന്നു. അതെ, തങ്ങളുടെ അനന്തരഗാമികൾക്ക് കെട്ടിപ്പടുക്കുന്നതിന് അടിസ്ഥാനമിട്ട എല്ലാക്കാലത്തുമുള്ള ധീരന്മാരുടെയും പ്രതിനിധിയായിരുന്ന അദ്ദേഹം; പരിഷ്ക്കാരത്തിൻെറ ബീജം നാനാദിഗന്തങ്ങളിലും പാകി, അതു് യഥേഷ്ടം കൊയ്തെടുക്കുവാൻ അന്യൎക്കു സമയവും സൗകൎയ്യവും നൽകിയ വിശിഷ്ട നേതാക്കന്മാരുടെ മാതൃകാപുരുഷനായിരുന്നു അദ്ദേഹം. അസംഖ്യം കല്പകന്മാരുടെയും സംശോധകന്മാരുടെയും അഗ്രഗാമിയായിരുന്നു അദ്ദേഹം. വേറൊരൊററ ആളും ഇത്ര ശക്തിമത്തായ പ്രഭാവവും പ്രതാപവും തൻെറ പിൻഭാഗത്തു നിക്ഷേപിച്ചിട്ടു മരണമടഞ്ഞിട്ടില്ല. എന്നാൽ മോസസ്സിൻെറ ശക്തിയുടെ നിദാനമാരാഞ്ഞുതുടങ്ങുമ്പോൾ, നാം ആ രഹസ്യത്തിൽ അത്ഭുതപരതന്ത്രരായിപ്പോകുന്നു. അദ്ദേഹം, അത്യന്തം ഭാരമേറിയ ചുമടു ചുമന്നതായും, അദൃശ്യമായതിനെ ദർശിച്ചു അപ്രാപ്യമായതിനെ പ്രാപിച്ചതായും നമുക്കറിയാം. ഭാവിവിജയത്തിൻെറ സൂക്ഷ്മബോധം വർത്തമാനകാലത്തുണ്ടായ പരാജയങ്ങളിൽ നിന്നും അദ്ദേഹത്തെ പരിരക്ഷിച്ചു.

ഭാവനാശക്തിയായിരുന്നു വിദൂരമായ വിജയത്തെ അദ്ദേഹത്തിന് പ്രസ്പഷ്ടമായി പ്രത്യക്ഷപ്പെടുത്തികൊടുത്ത ദൂരദർശിനി. ഭാവനാശക്തിയായിരുന്നു അടിസ്ഥാനം; കുഴിക്കുന്നതിനും അടിത്തറ കെട്ടുന്നതിനുവേണ്ട ശിലാലേഖനം ചെയ്യുന്നതിനും അദ്ദേഹം ഉപയോഗിച്ച ആയുധം—അതേ, ഭാവനാശക്തിതന്നെയായിരുന്നു ജീവിതത്തിലെ കൊടുങ്കാററിൽനിന്നും, ഘോരാക്രമണങ്ങളിൽനിന്നും അഭയം പ്രാപിക്കുന്നതിനു അദ്ദേഹത്തെ സഹായിച്ച മണിമേട. വേറെ ചിറകൊന്നും ഉയൎത്തിപ്പറപ്പിക്കുന്നതിന് ഇത്ര ശക്തിമത്തായി ഭവിച്ചിട്ടില്ല; വേറെ അരുവിയൊന്നും തൃഷ്ണ ശമിപ്പിക്കുന്നതിനു ഇങ്ങനെയുള്ള പാവനജലം അർപ്പിച്ചിട്ടുമില്ല. അദ്ദേഹം അപരി

ഷ്കൃതരായ ജനങ്ങളുമായി സംസൎഗ്ഗംചെയ്തു; കാരണം, ദൂരത്തായി അ സ്വാധുക്കളായ അടിമകൾ സ്വരാജ്യസ്നേഹികളുടെ മനോഗുണങ്ങളിൽ മുഴ കി നിലകൊള്ളുന്നത് അദ്ദേഹം ദൎശിച്ചു. മണൽത്തരിയും മരീചികയും മാത്രമുള്ള മരുഭൂമിയെ അദ്ദേഹം അഭയം പ്രാപിച്ചു. കാരണം, അദ്ദേഹ ത്തിൻെറ ഭാവനാവിലാസം പാലുംതേനും വഴിഞ്ഞൊഴുകുന്ന ഫലഭൂയി ഷ്ഠമായ ഒരു പ്രദേശത്തെ പ്രത്യക്ഷപ്പെടുത്തിക്കാണിച്ചു. നിയമപിരിധി കൾ അദ്ദേഹം കവച്ചുവെച്ചു; കാരണം, നിയമവും സ്വാതന്ത്ര്യവും നിറ ഞ്ഞ ഭാവി അദ്ദേഹം വിദൂരവീക്ഷണംചെയ്തു. പരശ്ശതം മനുഷ്യാത്മാക്കളെ തവിടുപൊടിയാക്കത്തക്ക ജീവിതക്ലേശങ്ങളുടെയും, ചുമതലകളുടെയും, ഭാരം അദ്ദേഹം ഭേസി; കാരണം, അന്ത്യവിജയത്തിൻെറ ശോഭനകര ങ്ങൾ അദ്ദേഹം മുൻകൂട്ടി വീക്ഷിച്ചു. ആ നിയമജ്ഞൻെറ ഭാവനാവിലാ സം സ്വൎഗ്ഗീയമായ ആയുധാഗാരത്തിലെത്തി ഒരു നായകന് അവശ്യംആ വശ്യമായ ആയുധങ്ങൾ വലിച്ചെടുത്തുകൊടുത്തു.

ആത്മാവു് ഒരു നഗരമാണു; ബാഹ്യേന്ദ്രിയങ്ങൾ സത്യത്തിൻെറ യും സൗന്ദൎയ്യത്തിൻെറയും സാൎത്ഥവാഹകസംഘം സഞ്ചരിക്കുന്ന പടിവാ തലുകളും. കൺവാതില്ക്കൽക്കൂടി സകല നഗരങ്ങളും കാഴ്ചകളും യാത്രചെയ്യു ന്നു. ശ്രോത്രകവാടത്തിൽക്കൂടി സകല സുന്ദരശബ്ദങ്ങളും സഞ്ചരിക്കുന്നു. എന്നാൽ കരയിലെയും കടലിലെയും വസ്തുതകൾ ആത്മാവിനു് നിവേദി ക്കപ്പെടുമ്പോൾ, പ്രജ്ഞ ആ ധീമത്തമായ വിളവിനെ തൂത്തുകൂട്ടി, ഭാവി യിൽ വിതയ്ക്കുന്നതിനു് സ്മരണയാകുന്ന പത്തായപ്പുരയിൽ സംഭരിക്കു ന്നു. അനന്തരം, അനുമാനശക്തി എന്ന ഉപപരിചാരകൻ സാധന സാമഗ്രികളെല്ലാം സംഭരിക്കുകയും, സ്മരണ അവയെ ശുശ്രൂഷിക്കുകയും, വിധി അവയെല്ലാം പകുത്തു വെക്കുകയും ചെയ്യുമ്പോൾ, നവംനവങ്ങളാ യ രൂപങ്ങൾ സൃഷ്ടിക്കുന്നതിനു ഭാവനാശക്തി സമീപിക്കുന്നു. ഇരുമ്പി ലും ഉരുക്കിലും പണി എടുക്കുമ്പോൾ വാട്ടി [Watt] ൻെറ ഭാവന ഇൻ ജിൻ കണ്ടെത്തുന്നു. സുന്ദരങ്ങളായ ഛായങ്ങൾക്കിടയിൽ ജോലിചെയ്യു മ്പോൾ സങ്കല്പശക്തി മനോമോഹനങ്ങളായ ചിത്രങ്ങൾ ചിത്രീകരിക്കുന്നു; ശബ്ദങ്ങൾക്കിടയിലാകുമ്പോൾ കല്പനാശക്തി കൎണ്ണാനന്ദകരമായ ഗീത ങ്ങൾ രചിക്കുന്നു; ആശയങ്ങൾകൊണ്ടു പണി എടുക്കുമ്പോൾ അതു സാ ത്വികസരണി ഉളവാക്കുന്നു; സാന്മാൎഗ്ഗികകാൎയ്യങ്ങളിലേപ്പെടുമ്പോൾ ഭാവ നാശക്തി നീതിന്യായങ്ങളുണ്ടാക്കുന്നു.

അതിനാൽ ഭാവന ഒരു പ്രവാചകനാണു്. അതു് ആത്മാവി നു് ഒരു ഔഷധമത്രെ. അതു് പ്രവീണനായ ഒരു കലകാരനെപ്പോലെ യും, സമൎത്ഥനായ ഒരു ശില്പിയെപ്പോലെയും, പ്രശസ്തനായ ഒരു സ്രഷ്ടാവി നെപ്പോലെയും പണിചെയ്യുന്നു. അത്യന്തം പ്രധാനങ്ങളായ പ്രശ്നങ്ങൾ

വിത്തായിപ്പാകി, വൃക്ഷമാക്കി വളത്തി, പരിപക്വമായ ഫലത്തെ അതു് പറിച്ചെടുക്കുന്നു. സമരം സമാരംഭിക്കുന്നതിനു് മുമ്പുതന്നെ അതു വിജയം കരസ്ഥമാക്കുന്നു. പരമാൎത്ഥം പറഞ്ഞാൽ ഭാവന കൂടാതെ പരിഷ്കാരംപോലും അത്യസാദ്ധ്യമായിത്തീരും. നാം 'അഭ്യുദയ'മെന്ന നാമത്താൽ വ്യവച്ഛേദിക്കുന്നതെന്തെന്നാൽ, സമുദായം ഭാവനാശക്തിയുടെ ഉപായങ്ങളേയും കല്പനകളേയും വിശിഷ്ടങ്ങളായ ഉദാഹരണങ്ങളെയും പിടിവിടാതെ അനുഗമിക്കുകയെന്നതന്നെയാണു്.

എല്ലാക്കാലത്തും, എല്ലാ ജനങ്ങളുടെയിടയിലും, മഹാത്മാക്കൾ അദൃശ്യമായതിനെ ദർശിച്ചു് അക്ഷുണ്ണവും നിർവൃതിജനകവുമായ ആ പ്രദേശം പൂകിയിട്ടുണ്ടു്. പുറമേ പീരങ്കിയുടെ ഹുംകാരവും അലർച്ചയുമുണ്ടായിരിക്കാം; എന്നാൽ ആന്തരികമായി അവർ ഗീതം പൊഴിച്ചിരുന്ന വീണകളായിരുന്നു.

എന്തു ഗണനീയമായ ഒരു സ്ഥാനത്തെയാണു് ഭാവനാശക്തി ശാസ്ത്രലോകത്തിൽ അർഹിക്കുന്നതു്. അനുമാനശക്തിപോലും ഒരു ഉപപരിചാരകൻ മാത്രമാണു്. അതിനു് സൃഷ്ട്യുന്മുഖമായ പ്രാപ്തി നന്നെ കുറയും. സ്മരണ കണ്ടുപിടുത്തങ്ങളൊന്നും നടത്തുന്നില്ല. എന്നാൽ ഭാവന ഒരു അത്ഭുതഇന്ദ്രജാലിക്കാരനാണു്. ഗേഥേക്കുണ്ടായിരുന്ന സൃഷ്ടിപരമായ ശേഷിയും ശേമുഷിയും പ്രകൃതിശാസ്ത്രത്തിനു്ഒരു നവീന അടിസ്ഥാനം ഉണ്ടാക്കി. ന്യൂട്ടൻെറ കണ്ടുപിടുത്തവും ഭാവനാവിലാസത്തിൻെറ ഒരു ഉപഹാരം മാത്രമാണു്. സ്പെയിനിൻെറ പശ്ചിമതീരത്തു് അനവരതം അടിച്ചുകൊണ്ടിരുന്ന പടിഞ്ഞാറൻകാററു് ഒരു ഉണങ്ങിയ മരക്കഷണം അവിടെ കൊണ്ടുചെന്നാക്കിയപ്പോൾ, കൊളംബസ്സിൻെറ ബുദ്ധിയും ആലോചനയും നിറഞ്ഞ നയനങ്ങൾ ആ ജീർണ്ണിച്ച മരക്കഷണത്തിലല്ല നിപതിച്ചതു്; പ്രത്യുത, അതിലുണ്ടായിരുന്ന ഒരു കൽക്കഷണത്തിലായിരുന്നു. അദ്ദേഹത്തിൻെറ ഭാവന ആ കല്ലിൽനിന്നും അതിൻെറ നിദാനസ്ഥലമായ പശ്ചിമഖണ്ഡത്തിലേക്കു് പ്രയാണംചെയ്തു.

മിൽട്ടൻെറ ജീവചരിത്രത്തിൽ, അദ്ദേഹം ഭൂമിയിൽ കണ്ടെത്തിയ വൃക്ഷങ്ങളുടെയും, സമുപഹരിച്ച സുകുമാരകുസുമങ്ങളുടെയും മനോഹരത പ്രത്യഭിജ്ഞാനം ചെയ്യുന്നു;എന്നാൽ ആ കവിപുംഗവൻ'Paradise Lost' എന്നകൃതിയിൽ ഇഹലോകത്തു് ദൃശ്യമാകുന്ന ഏതൊരു സുന്ദരദൎശനത്തെയും അതിശയിക്കുന്ന ഒന്നാണു് അദ്ദേഹത്തിൻെറ ഭാവനാശക്തി കണ്ടെത്തുന്നതു്. താൻ ഏതെല്ലാം സമരങ്ങളിൽ വിജയശ്രീലാളിതനായി ഭവിച്ചിട്ടുണ്ടോ, അതെല്ലാംതന്നെ ഭാവനയുടെ അഭാവത്തിൽ തോൽവിയായിപ്പരിണമിക്കുമായിരുന്നുവെന്നു് നെപ്പോളിയൻ തുറന്നു പറയുന്നു. യുദ്ധമാരംഭിക്കുന്നതിനു് തലേദിവസം രാത്രിയിൽ, തൻെറ ഭടജനങ്ങൾ

സുഖസുഷുപ്തിയിൽ ലയിച്ചുകിടക്കുമ്പോൾ ആ മഹാനായ കോർസിക്കന്റെ ഭാവനാവിലാസം അദ്ദേഹത്തിന്റെ പടയാളികളെ വ്യൂഹംചമച്ച്, വിജയം കരസ്ഥമാക്കി. ഇപ്രകാരം ഓരോ പുതിയ ഉപകരണവും, നിയമവും, പരിഷ്കാരവും എല്ലാം മനുഷ്യന് ഭാവന നല്കിയിട്ടുള്ള സമ്മാനദാനങ്ങളാണ്.

ഭാവനാശക്തി ജോലിചെയ്യുന്നതിനുള്ള സമയം സംക്ഷേപിക്കുകയും, ചെയ്യുന്ന ജോലിതന്നെ മനോഹരതരമാക്കിക്കൊടുക്കുകയും ചെയ്യുന്നു. ദേഹം ക്ഷീണിക്കുമ്പോൾ ആത്മാവ് ആടുകയും പാടുകയും ചെയ്യുന്നു!

സാധുജനങ്ങളുടെ സ്നേഹിതനും സംരക്ഷകനുമാണ് ഭാവന. സമയവും, ദൈവികവിഭവങ്ങളും മനുഷ്യനിലുള്ള അവയുടെ കൃത്യങ്ങൾ നിർവഹിച്ചു കഴിയുമ്പോൾ നാം എങ്ങനെയിരിക്കണമെന്ന് ഈശ്വരൻ ആത്മാവിനോടു ചെയ്യുന്ന ഉപദേശമത്രേ അത്.

മനുഷ്യന് സംസ്കാരവും, ആനന്ദവും, അഭ്യുദയം നൽകിക്കഴിയുമ്പോൾ, അതു്, അവന് ആത്മശുദ്ധി സമ്മാനിക്കുന്നതിന് ഉദ്യമിക്കുന്നു. ഓരോ വിശുദ്ധാത്മാവിന്റെയും ഉപരി ഉത്തരോത്തരം ഉൽകൃഷ്ടതരങ്ങളായ സാധനങ്ങളുടെ സ്വപ്നദർശനങ്ങൾ തൂങ്ങിക്കിടക്കുന്നു. ഏററവും ഉത്തമനായ മനുഷ്യനെ, അയാളുടെ ഏററവും നല്ല സന്ദർഭങ്ങളിൽപോലും അവയെന്താണ് ഉപദേശിക്കുന്നതെന്നാൽ, അയാൾക്കു ഇനിയും മഹത്തായ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുതന്നെയാണ്.

യുവാവ് വീണ്ടും വീണ്ടും ആരായുന്നെങ്കിലും, അനുധാവനം ചെയ്യുന്നെങ്കിലും, അയാൾക്കു അയാളുടെ മുമ്പിൽ സ്ഥിതിചെയ്യുന്ന മാതൃകയെ പിടികൂടാൻ സാധിക്കുന്നില്ല. ജീവിതത്തിലേക്കുള്ള രൂപംമാററലിൽ മാതൃകയ്ക്കു മറിവേല്ക്കുന്നു. കവിയുടെ സ്വപ്നദർശനം അയാൾ വിരചിക്കുന്ന കവിതയിൽ നിന്നു് തുലോം മനോഹരമായിരിക്കുന്നതുപോലെ, ചിത്രകാരന്റെ സ്വപ്നം അത്യന്തം ശോഭനമായ ഒന്നും അയാളെഴുതുന്ന ചിത്രം വെറും ഛായാപടവുമായിരിക്കുന്നതുപോലെ, ഗായകന്റെ ഗാനം അയാൾ ശ്രവിക്കുന്ന സ്വർഗ്ഗീയമായ ഗീതത്തിന്റെ വെറുമൊരു മാറൊലിയായിരിക്കുന്നതുപോലെ, എല്ലാ പ്രവൃത്തിയും, എല്ലാ മാതൃകയും, അവയ്ക്കു് ശരീരത നൽകുന്നതിനുള്ള ശ്രമത്തിനിടയിൽ മലിനപ്പെട്ടുപോകുന്നു.

സമുദായത്തിനുള്ള സകല പുരോഗമനത്തിന്റെയുംരഹസ്യം ജിജ്ഞാസുക്കളായ യുവജനങ്ങളുടെ കയ്യിലാണ്. ഭാവന അതിന്റെ ദീപ്തിമത്തായ ഉപായങ്ങളും ആശയങ്ങളും യുവാവിന്റെ മുമ്പിൽ ഉയർത്തി, ജീവിതത്തിലെ സവിസ്തരമായ കാര്യങ്ങളിൽ അവയെ വിനിയോഗിച്ചു് വിശിഷ്ടവും മ

ഹോജ്ജ്വലവുമായ ഒരു സ്വഭാവം രൂപീകരിക്കുന്നതിന് അയാളോടു ആജ്ഞാപിക്കുന്നു.

ഭാവനാശക്തിക്കും അതിന്റെ പ്രയോജനങ്ങളും ദുർവിനിയോഗങ്ങളുമുണ്ട്. അത്, നിർമ്മലന്മാരിൽ ദൈവജ്ഞാനത്തെ വിതയ്ക്കുന്നു; ദുഷ്ടന്മാരെ അഗാധമായ ഗർത്തത്തിലേക്കു ആപതിപ്പിക്കുകയും. ബേൺസ് (Burns) തുടങ്ങിയ കല്പനാശക്തിയുള്ളവരുടെ കഷ്ടപ്പാടുകൾ ഭാവനയുടെ വിപ്ലവത്തിനു എതിരായി യുവാക്കൾക്കു നൽകുന്ന അവിച്ഛിന്നമായ അനുശാസനങ്ങളത്രേ. ഭാവനയുടെ മുമ്പിൽ ഭീകരങ്ങളായ ചിത്രങ്ങൾ തൂക്കുകയും, അഗ്നിജ്വാലകൊണ്ടെന്നവണ്ണം ആത്മാവിനെ ദഹിപ്പിക്കുകയും ചെയ്യുന്ന കവിതകൾ, നോവലുകൾ, ഉഗ്രരൂപമായ കാഴ്ചകൾ തുടങ്ങിയവ നഗരങ്ങളിലുണ്ട്. ഒരുവൻ ബാഹ്യമായി ചെയ്യുന്ന പ്രവൃത്തിയല്ല, പ്രത്യുത ആന്തരികമായി അവൻ ചെയ്യുന്ന സ്വപ്നങ്ങളാണ് അവന്റെ സ്വഭാവം നിശ്ചയിക്കുന്നത്.

നിർവ്വാതമായ ഗ്രീഷ്മർത്തുവിലെ ഉഗ്രതാപത്തിനു തുല്യമാണ് ഭാവനാശക്തിക്കുള്ള അത്യാസക്തി. നിർമ്മലതയിൽ സമാരംഭിക്കുന്നു, ഇടിനാദത്തിലും മിന്നൽപിണരിലും പര്യവസാനിക്കുന്നു.

എല്ലാവരുടെ ജീവിതകാലത്തിലും ക്ലേശങ്ങൾ അതിരുകവിഞ്ഞു കാണാം. ചിലർ ജീവിതത്തിലെ അത്തരം ക്ലേശങ്ങളേയും, പീഡകളേയും ദുർവ്വാശിയും വിരക്തിയും കലർന്ന സ്ഥിരതയോടുകൂടി സഹിക്കുന്നു. അപ്പോൾ, തല ഉള്ളിലേക്കു വലിച്ചു കൊണ്ടു, "അതാ ആ തോടു നോക്കുക. അതിനെ പ്രഹരിച്ചുകൊള്ളുക" എന്നു പറയുന്ന കൂർമ്മത്തെ അവർ അനുകരിക്കുകയാണ്. എന്നാൽ നമുക്കു ആശ്വാസത്തിനു അവകാശമുണ്ട്. ക്ലേശങ്ങളുടെമേൽ ഈശ്വരൻ വിജയം നിക്ഷേപിച്ചിട്ടുണ്ട്. ഭീമവാതം ഭീകരമായി വീശുമ്പോഴും, മനുഷ്യന്റെ സങ്കല്പശക്തി അവനെ പ്രശാന്തവും, അക്ഷോഭ്യവും നിർവൃതിജനകവുമായ ആ പ്രദേശത്തേക്ക് മന്ദം മന്ദം ഉയർത്തിക്കൊണ്ടുപോകുന്നു.

കൂടാതെ, ഭാവന മനുഷ്യനു ആശയങ്ങളേയും ഈശ്വരരൂപത്തേപ്പോലും സംഭരിച്ചു സമ്മാനിക്കുന്നു. ശൂരത്വത്തേയോ, കലയേയോ, ഗവർമ്മെന്റിനേയോ പററി ഉള്ള സൂക്ഷ്മാവസ്ഥകൾ ഒരു ശിശുവിനെ ധരിപ്പിക്കുന്നതിന് ഭാഷ കാണുകയില്ല. അപക്വമായ ഒന്നിന് പരിപക്വമായതിനെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഓരോ മനസ്സും അതതിന്റെ സ്വന്തം ഈശ്വരരൂപമാണ് ചിത്രീകരിക്കേണ്ടത്. പ്രകൃതിതന്നെ അതിന്റെ ചിത്രം എഴുതുന്നതിന് ഈശ്വരൻ നിർമ്മിച്ചിട്ടുള്ള ഒരു ഭിത്തിയ

ത്രേ. ചുരുക്കിപ്പറഞ്ഞാൽ, ആഴിയിലും ആകാശത്തിലും, സൂര്യനിലും ചന്ദ്രനിലുമുള്ള ഭൗതികശക്തിയും, നാട്ടിലും കാട്ടിലും കാണുന്ന സൗന്ദര്യവിലാസവും എല്ലാം ഈശ്വരനാമം ഉച്ചരിക്കുന്നതിനു് പ്രകൃതിയുടെ അക്ഷരമാലയിലുള്ള അക്ഷരങ്ങളാണു്. ഒരു വജ്രത്തിനു് പല മുഖങ്ങളുണ്ടു്; അതു ഓരോന്നും സൂര്യബിംബംതന്നെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. തദ്വാരാ, ഈ പ്രകൃതിയും അനർഘതരമായ ഒരു രത്നമാണു്; അതിൻെറ ഓരോ മുഖവും ഈശ്വരചൈതന്യത്തെ പ്രകാശിപ്പിച്ചു കാണിക്കുന്നു.

പ്രജ്ഞ ജീവിതത്തിൽ നിന്നും, പ്രകൃതിയിൽ നിന്നും, ആശ്ചര്യത്തെ പ്രചോദിപ്പിക്കുകയും സംഭ്രമത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന സകലവും, സൗന്ദര്യത്തേയും ഔദാര്യത്തേയും പ്രതിനിധീകരിക്കുന്ന സകലവും, സമാഹരിച്ചെടുക്കുമ്പോൾ, ഭാവനാശക്തി ഈ മാതൃകയെല്ലാം ഉയർത്തിയെടുത്തു്, അത്യുൽകൃഷ്ടവും അത്യുജ്ജ്വലവുമായ ഒരു സങ്കല്പമായി വാർത്തെടുക്കുന്നു. ഈ പ്രദീപ്തമായ സങ്കല്പം ശക്തിയും, ബുദ്ധിയും, സ്നേഹവും നിറഞ്ഞ ജഗദീശ്വരനെപ്പററിത്തന്നെയാണു്. മനുഷ്യൻെറ അനുമാനശക്തി പ്രകൃതിയിലേയും ചരിത്രത്തിലേയും തിളങ്ങിവിളങ്ങുന്ന ഭൂതാർത്ഥത്തെ തിരഞ്ഞെടുക്കുകയും, അവൻെറ ഭാവനാവിലാസം അവയെല്ലാം ഒന്നാക്കിക്കൊണ്ടു് വരികയും ചെയ്താൽ, ഹാ! എത്രമാത്രം പാവനവുംശോഭനവുമായിത്തീരുമായിരുന്നു അവൻെറ ജീവിതം! എത്രമാത്രം സൗന്ദര്യം വഴിഞ്ഞൊഴുകുന്നതായിരിക്കും ഈശ്വരനാമം! ആ നാമം അവൻെറ ആത്മാവിനെ സംഗീതസൗരഭ്യംകൊണ്ടു നിറക്കും. ആ വിചാരം അവൻെറ അന്തർഭാഗത്തെ സന്തോഷാധിക്യത്താൽ ഡോളായമാനമാക്കിത്തീർക്കും.

# സംഗീതം.

ഇ. എം. ജോസഫ് -III U. C.

സരസകലകളില് പ്രഥമസ്ഥാനം വഹിയ്ക്കുന്ന കവിതയുടെ ഉത്ഭവം ഭൂതദയയിൽ നിന്നാണെന്നും, ചിത്രകലയുടേതു് മനുഷ്യന്റെ ഹൃദയവികാരങ്ങളെ ദൂരസ്ഥനായ അന്യനെ ധരിപ്പിക്കുന്നതിനായി ആദിമകാലങ്ങളില് ഉപയോഗിച്ചിരുന്ന ചില രേഖാസങ്കരങ്ങളില് നിന്നാണെന്നും പറയപ്പെടുന്നു. വാത്മീകിമഹർഷി ഒരിക്കല് കാട്ടില്ക്കൂടി സഞ്ചരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ വേടന്റെ നിശിതാസ്ത്രത്തിനിരയായ ഒരു ക്രൗഞ്ചപ്പക്ഷി മരിച്ചുകിടക്കുന്നതു് കാണുന്നതിനിടയായി. അതിന്റെ ഇണയുടെ തീവ്രദുഃഖവും, മൃതനെ ഉണർത്തുന്നതിനായുള്ള അതിന്റെ വ്യർത്ഥശ്രമവും കണ്ടപ്പോൾ മഹർഷിയുടെ ഹൃദയം ദീനാനുകമ്പയാല് തരളിതമായി. മഹർഷി അപ്പോൾ വേടനു പ്രദാനം ചെയ്ത തത്വോപദേശം കവിതാനിർഝരിയുടെ ഒരു പ്രവാഹമായിരുന്നുവെന്നു് പറയപ്പെടുന്നു. ഇതാണു് കവിതയുടെ ഉത്ഭവത്തെപ്പറ്റിപ്പറഞ്ഞുവരാറുള്ള കഥ. പൂർവ്വകാലങ്ങളില് അമേരിക്കയിലെ 'റെഡ് ഇൻഡ്യന്മാർ' ഉപയോഗിച്ചിരുന്ന വിചിത്ര ലിപിഭാഷ ചിത്രകലയുടെ ഉത്ഭവത്തെപ്പറ്റിയുള്ള അനുമാനത്തെ സ്ഥിരീകരിക്കുന്നു. സംഗീതകലയുടെ ഉത്ഭവം എന്നാണെന്നൂഹിയ്ക്കാൻ പ്രയാസമാണു്. അതും അതിന്റെ സഹോദരികളെപ്പോലെ പ്രകൃതിയില് നിന്നു് താനേ ഉൽഭൂതമായിയെന്നു് നമുക്കനുമാനിയ്ക്കാം. പക്ഷിമൃഗാദികൾ ഇണയെ പ്രീണിപ്പിക്കുന്നതിനായി ചില സ്വരവിശേഷങ്ങൾ പുറപ്പെടുവിയ്ക്കുന്നതു് നാം കേൾക്കാറുണ്ടു്. അതതിന്റെ ഹൃദയത്തെ ആകൃഷ്ടമാക്കത്തക്ക വിധത്തില് അവയ്ക്കുമാത്രം അനുയോജ്യവും സ്വാഭാവികവുമായ സ്വരവിശേഷങ്ങൾ തങ്ങളാല് കഴിവുള്ളിടത്തോളം വിശിഷ്ടമായ രീതിയില് പുറപ്പെടുവിയ്ക്കുന്നതിനു് അവ ശ്രമിയ്ക്കുന്നു. കാകന്റെ കൂജനം മനുഷ്യനു് കർണ്ണശല്യമായിരിയ്ക്കാമെങ്കിലും അതിന്റെ ഇണയ്ക്കു് അതു് അമൃതനിഷ്യന്ദിയാണു്. കൂടാതെ ദുഃഖസൂചകമായും, വേദനാസൂചകമായും ഹൃദയസ്പർശകമായ ചില പ്രത്യേകസ്വരങ്ങൾ പക്ഷിമൃഗാദികൾ പുറപ്പെടുവിക്കുന്നുണ്ടു്. സ്വരത്തില് നിന്നു് അതിന്റെ സ്വഭാവം നമുക്കെളുപ്പം മനസ്സിലാക്കാൻ സാധിയ്ക്കും. കൊച്ചുകുട്ടികൾ കരഞ്ഞുകരഞ്ഞു് ഒരു "ഈണ"ത്തില് കലാശിപ്പിയ്ക്കുമ്പോഴും, മരണമഞ്ചത്തിനടുത്തിരുന്നു് പരേതന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചു് പ്രലപിക്കുന്ന സ്ത്രീയുടെ ദീനനിസ്വനം ശ്രവിയ്ക്കുമ്പോ

ഴം ഏതോ ഒരു ഹൃദയാകർഷകമായ സ്വരവിശേഷമാണു് നമുക്കനുഭവപ്പെടുന്നതു്. പരിതസ്ഥിതികളുടെ പ്രേരണയാല് കണ്ഠനാളത്തില്നിന്നു് സ്വതേ ഉൽഭൂതമാകുന്ന സ്വരവിശേഷങ്ങളുടെ സമ്യക്കായ സമ്മേളനത്തില് നിന്നാണു് സംഗീതം ഉത്ഭവിച്ചതെന്നു പറയുന്നതില് തെററില്ല. അതല്ല, കവിതയോടനുബന്ധിച്ച ഗാനവും, ഗാനത്തിൽ നിന്നു ഗീതവും, ഗീതത്തിന്റെ സമ്യക്കായ പ്രകടനത്തില് നിന്നു് സംഗീതവും ഉല്പന്നമായിയെന്നു് വേറൊരുപക്ഷമുണ്ടു്. ഏതായാലും കവിതയും സംഗീതവും തമ്മില് സ്വഭാവത്തില് സാധർമ്മ്യമുള്ളവയാണെന്നുള്ളതു് നിസ്തർക്കമാണു്.

സംഗീതം ഹൃദയാവർജ്ജകമായ ഒരു കലയാണു്. സംഗീതപ്രകടനം പരാർത്ഥസ്വാർത്ഥമായ ഒരു കലാസ്വാദനമാകുന്നു. സരസകലാസമുച്ചയത്തില് മനുഷ്യഹൃദയത്തെ പ്രഥമാനുഭവത്തില്ത്തന്നെ ആനന്ദിപ്പിക്കുന്ന ഒന്നാണു് സംഗീതം. സംഗീതവിദ്വേഷികളായ ചില അരസികന്മാരെപ്പററി നാം കേൾക്കാറുണ്ടു്. അവരും യഥാർത്ഥത്തിൽ നല്ല സംഗീതം ആസ്വദിയ്ക്കാതിരിയ്ക്കയില്ല. ക്ഷുദ്രജീവിയായ സർപ്പത്തെപ്പോലും ആകൃഷ്ടമാക്കുന്ന സാക്ഷാത്തായ സംഗീതം തന്നേയും അവർ വെറുക്കുന്നുവെങ്കില് അവരുടെ ശ്രവണേന്ദ്രിയസൃഷ്ടിയില് എന്തോ വൈകല്യം വന്നുപോയതാണെന്നു് സമാധാനിയ്ക്കയേവേണ്ടു.

സംഗീതകല പൌരാണികകാലം മുതല്ക്കേ വളരെ ശീഘ്രതയിൽ വളർന്നുകൊണ്ടിരുന്ന ഒന്നാണു്. പരഹൃദയാഹ്ലാദനത്തിനും, ശൃംഗാരപ്രകടനത്തിനും, ദൈവാരാധനയ്ക്കും സംഗീതം ഉപയുക്തമായി. 'റേഡിയോ' 'ഗ്രാമൊഫോൺ' മുതലായവനിമിത്തം ഇക്കാലത്തു് സംഗീതം ഒരു ധനാഗമമാർഗ്ഗംകൂടെയാണു്.

കാലദേശാവസ്ഥാനുസൃതം സംഗീതപ്രകടനത്തിന്റെ അവാന്തരപ്രകൃതിയ്ക്കു് ചില വ്യത്യാസങ്ങൾ നമുക്കനുഭവപ്പെട്ടാലും അതിന്റെ മൂലധാതുവായ കലാപ്രകൃതിയ്ക്കു് യാതൊരു വ്യത്യാസവുമുണ്ടായിരിയ്ക്കയില്ല. പൌരസ്ത്യരുടെ സംഗീതം പൌരസ്ത്യർക്കും, പാശ്ചാത്യരുടേതു് അവർക്കും മാത്രമേ കൂടുതൽ ആസ്വാദ്യമായിരിയ്ക്കയുള്ളു. സംഗീതശാസ്ത്രത്തിന്റെ പുരോഗമനത്തിൽ ഭാരതീയർ വളരെ മുമ്പുതന്നെ പരിശ്രമിച്ചു തുടങ്ങിയതാണു്. അനേക വത്സരങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഋഷിമാരുടെ സ്തോത്രഗീതങ്ങളുടെ ആസ്വാദ്യത ഇപ്പോഴും ആളുകൾ മനസ്സിലാക്കിവരുന്നു.

ഋഷിപ്രോക്തങ്ങളായ സംഗീതതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് നമ്മുടെ സംഗീതശാസ്ത്രമഹാധാമം പടുത്തിരിയ്ക്കുന്നതു്. ശാസ്ത്രദൃഷ്ട്യാ പരിചിന്തനം ചെയ്യുന്നതായാല് ഇന്നു നാം ശ്രവിയ്ക്കുന്ന പാട്ടുകളില് മിക്കതും ശാസ്ത്രവിദിതമല്ലെന്നു വരും.

പക്ഷിമൃഗാദികൾക്കു പൊതുവായുള്ള സഹജാവബോധത്തില്നിന്നുളവായ നാദഭാഷയില്നിന്നു ഗാനവും നാട്യഭാഷയില്നിന്നു് നൃത്തവും, വാഗ്ഭാഷയില്നിന്നു് ഗീതവും ഉദ്ഭൃതമായി. ഇവ മൂന്നും ചേൎന്നുണ്ടായതാണു് സംഗീതം.

"നൃത്തംവാദ്യാനുഗംപ്രോക്തം
വാദ്യംഗീതാനുവൎത്തിച" എന്നവിദ്വന്മതംകൊണ്ടു് ഗീതത്തിനു് പ്രാധാന്യം കല്പിച്ചിരിക്കുന്നു.

മനുഷ്യൻ പുറപ്പെടുവിക്കുന്ന ചില വിശിഷ്ടസ്വരങ്ങളാണു് ഗീതത്തിനടിസ്ഥാനമായിരിക്കുന്നതു്. അവയെ ക്രമത്തിനടുക്കിവെച്ചിട്ടു് അതിനുപരി സംഗീതമഹാസദനം നിൎമ്മിക്കുന്നു. അടിസ്ഥാനത്തിന്റെ ഉറപ്പിനനുസരണമായി ആ സദനത്തിന്റെ വിജയവും സ്ഥിതിചെയ്യുന്നു. അലങ്കാരങ്ങളും മററും കൂട്ടിച്ചേൎത്തു് സൗധത്തെ മോടി പിടിപിടിപ്പിക്കേണ്ടതു് ഓരോ ശില്പിയുടെയും മനോധൎമ്മം പ്രയോഗിച്ചായിരിക്കണം. കെട്ടിടത്തിന്റെ പണി പൂൎത്തിയായതിനുശേഷം മാത്രമെ അലങ്കാരം തുടങ്ങാവൂ. അല്ലാത്തപക്ഷം കുമ്മായം പൂശിയിട്ടില്ലാത്ത ഭിത്തിയില് ചായപ്പണി ചെയ്തതുപോലെ വികൃതമായിരിക്കും. സംഗീതാലങ്കാരികന്മാരുടെ അടിസ്ഥാനരഹിതമായ കലാപ്രകടനം വിഭവസമൃദ്ധമെങ്കിലും ഉപസ്തരണശൂന്യമായ സദ്യപോലെ അത്ഭുതമായിട്ടേ കലാശിക്കയുള്ളൂ.

# പിതൃവിയോഗം

(ജോസഫ് വലിയവീട്ടിൽ II U. C.)

ഓർക്കുന്നേരമനന്തമാമഴലണഞ്ഞീടുന്നതെന്തൊന്നിനാൽ?
ചീർക്കുംവൈരമൊടേതുകാര്യമിവനെക്കണ്ണീരിൽമുക്കുന്നുവോ?
ആർക്കുംസമ്മതനാംമദീയജനകൻ—പിന്നുള്ളതോതീടുകിൽ
൧ ന്നേക്ക ദുർവിധിവീണ്ടുമെത്തിജവമെൻചിത്തംപിളർന്നീടുമേ.

"മായംമായമിതീപ്രപഞ്ചമഖിലംമായാമയംതന്നെയാം"
മായാത്തുള്ളൊരസത്യമേവമരുളുന്നുണ്ടാംവിശാലാശയർ
ആയാസപ്പെട്ടുമറയിങ്ങ, തറിവാൻസ്നേഹക്കുടുക്കിൽപെട്ട-
൨ ന്നീയുള്ളോർകൾ; ദൈവമേ വിരഹമെന്തുക്കും പൊറുക്കാവതോ?

ഓമൽത്താത! ഭവാനമിദ്ധരണിതൻബന്ധംവെടിഞ്ഞിട്ടോ? ഹാ
ഹാ! മണ്ടുന്നതിനെന്തുബന്ധമിവരിൽക്രൂരത്വമില്ലായ്കയോ?
നാമന്യംനിനവാർന്നിട്ടുന്നി, തഥവംസൗശീല്യസമ്പൂർണ്ണരേ
൩ ശ്രീമത്താംസുരലോകഭാഗ്യമരുളാൻദൈവംക്ഷണിക്കുംക്ഷണം.

വിദ്യാശാലയിലിഷ്ടമിത്രഗണമോടൊന്നിച്ചുമോദിക്കവേ
ഏദ്യാശങ്കവളർത്തുമേകലിഖിതംവന്നെത്തിയെൻകയ്യിതിൽ
ഉദ്യാനത്തിൽമദിച്ചുയർന്നുവളരുംചൂതത്തിനാപത്തിനായ്
൪ വിദ്യുത്തെന്നതുപോലെകത്തുകഠിനംകത്തിച്ചുഹൃത്താർമമ.

പെട്ടന്നാശുഗവേഗമോടുഭവനംലാക്കാക്കിഞാൻയാത്രയായ്
ഒട്ടെല്ലാംപൂർവപുഷ്പളവങ്ങൾമനസ്സിൽഡക്കാമുഴക്കീടിനാർ
നട്ടെല്ലാശുവളഞ്ഞെനിക്കുതനിയേ, താടക്കകയ്യും, നിഞാൻ
൫ തപ്പിട്ടെല്ലാംമറവായി; "ബസ്സി"ലധികംനേരംവസിച്ചേനഹം.

ഉൾക്കണ്ഠാകുലനായൊട്ടുക്കമഥഞാനെൻവീട്ടിലെത്തിടവേ
ഉൾക്കാമ്പിങ്കലടിഞ്ഞിരുന്ന ദഹനൻ ധൂമംവമിച്ചോന്നുടൻ
നില്ക്കില്ലന്യമിടത്തിലിന്നുസുത, നാസ്സോദരത്തിടമൊന്നിനേ
൬ നോക്കിച്ചെന്നണയുന്നു, രോഗവിവശൻതാതന്റെപാർശ്വത്തിലായ്.

പാകപ്പെട്ടുകരത്തുചെന്നടുടലെന്തേവംതളർന്നിട്ടുവാൻ?
ഹാ! കണ്ഠംതന്നുവുംതുജാത്തിയതിനാൽവൈരൂപ്യമാർന്നീടുമോ?
ഹാ! കാണുന്നുകപോലയുഗ്മമതിനുംനേത്രദ്വയങ്ങൾക്കുമേ
൭ ശോകത്തിൻകുഴയിൽപതിച്ചവിധമായ്താണുള്ളവസ്ഥാന്തരം.

ശ്വാസോച്ഛ്വാസമതിനുക്ലേശമധികംകാണുന്നുവെന്നല്ലഹോ
കാസംപിന്നെവലിച്ചിടുന്നു, കഫവും വായ്‌വിട്ടുപോരില്ലതോ,
ക്രൂസാതങ്ങുമരുന്നതുണ്ടു; പരണംരണ്ടിങ്കലുംശോഷവും
൮ വാസംചെയ്‌വതുമൂലമിന്നചലമായ്കാണുന്നുകാൽരണ്ടുമേ.

സൂക്ഷിച്ചൊന്നു പിതാവു നോക്കിയിവനെ. പിന്നീടു തൻ പാണികൾ
അക്ഷാന്തി തികവോടിതെന്ന വിധമായെൻ നേർക്കുയർത്തി ക്രമാൽ
ലക്ഷ്യത്തിന്നറിയേണ്ടയന്നായവിടെ ഞാനതെല്ലൊന്നു പാർത്തീടവേ
൯ പക്ഷേ തൊട്ടു പിടച്ചുണച്ചു തഴുകി പ്രത്യക്ഷദൈവോപമൻ

അസ്പഷ്ടാക്ഷരമപ്പൊഴോതി ചിലതീയെന്നോടു, ധന്യാത്മനാ
സുസ്പഷ്ടം മൃദുഹാസമാർന്നു, പറവാൻ വീണ്ടും ശ്രമിച്ചീടവേ
കെല്പില്ലാഞ്ഞു മിഴിച്ചു നോക്കി മരുവും നേരത്തു ശോകാബ്ധിയിൽ
൧൦ നില്പില്ലാതെ നിമഗ്നനായ് സപദമതിൽ ഞാൻ തേടിയാശ്വാസവും.

ഹാ! ഹാ! ധാത്രിയൊടന്ത്യയാത്ര പറവാൻ ഗാത്രം മടിച്ചീടവേ
മാഹാത്മ്യപ്പെട്ടമീശപാദമണവാനാത്മാവു ബദ്ധപ്പെടാം.
ദേഹം ദേഹിയുമേവമന്ത്യസമയം ചെയ്യുന്നതായ് വന്നിടും
൧൧ ഹാഹാ! ഭീകരമായ യുദ്ധമിതു താൻ വന്നീടുമാർക്കും ഫലം

പിന്നീടേക ദിനം കഴിഞ്ഞു മുഴുവൻ സന്തൃപ്തിയോടാമഹാൻ
മന്നിൽനിന്നു മറഞ്ഞു ദൈവനികടം പ്രാപിച്ചു സന്തുഷ്ടനായ്
നിന്നീടില്ല മുമുക്ഷുവായവനാനിലോകത്തിലൊട്ടേറെനാൾ
൧൨ നന്നായുള്ളൊരു ഭക്തികൊണ്ടതിജവാൽ സ്വർഗ്ഗത്തിലെത്തീടുമേ,

കഷ്ടം! നീ മറയുന്നു സൂര്യ! ഗിരിതന്നങ്ങേപ്പുറത്തിന്നഹോ
ദിഷ്ടം ഞങ്ങളിൽനിന്നുമേവ, മിവിടം ധ്വാന്തത്തിനാസ്ഥാനമായ്
നഷ്ടം ഹന്ത! നിനച്ചു കേഴുമിവരിൽ സന്തുഷ്ടി ചേർത്തീടുവാൻ-
൧൩ നിഷ്ടം പൂണ്ടഫലേശസൂര്യനുദയം ചെയ്യുന്നതെന്നാണിതാ.

# കവികളും പ്രകൃതിയും

മാത്യു നടയ്ക്കൽ II-U. C.

പുരാതനകാലത്തു പൗരസ്ത്യമഹാന്മാർ ലോകജീവിതം നശ്വരമെന്നുകണ്ടു് ആത്മീയോൽക്കർഷത്തെ ലക്ഷ്യമാക്കിയുള്ള ഒരു ജീവിതമാണു നയിച്ചിരുന്നതു്. ജീവിതാവശ്യങ്ങളെല്ലാംതന്നെ സന്താനവത്സലയായ മാതാവു പ്രദാനം ചെയ്തിരുന്നതുകൊണ്ടു പ്രകൃതിയോടു യുദ്ധംചെയ്തു കൃത്രിമങ്ങളായ ജീവിതസൗകര്യങ്ങൾ നിർമ്മിക്കേണ്ട ആവശ്യം അന്നവർക്കുണ്ടായിരുന്നില്ല. സ്രഷ്ടാവിന്റെ അമേയമായ ശക്തിയാൽ സാന്ദ്രമായ പ്രകൃതി മനുഷ്യജീവിതത്തിലെ ഒരു ഘടകമാണെന്നായിരുന്നു അവരുടെ മതം.

ഭൗതിക ജീവിതത്തിനു സർവ്വപ്രാധാന്യം കൊടുത്തിരുന്ന പുരാതന പാശ്ചാത്യരുടെ അഭിപ്രായം വളരെ വ്യത്യസ്തമായ രീതിയിലായിരുന്നു. ജീവിതത്തിന് അത്യന്താപേക്ഷിതങ്ങളായ സാധനസാമഗ്രികൾ മാതൃഭൂമി നൽകാതിരുന്നതിനാൽ പ്രകൃതിശക്തികളോടു യുദ്ധം ചെയ്യേണ്ട ആവശ്യം അവർക്കു നേരിട്ടു. മനുഷ്യസഹജങ്ങളായ കരുണ, സ്വാർത്ഥപരിത്യാഗം മുതലായ ഗുണങ്ങൾ പരിത്യജിച്ചുകൊണ്ടു് ഉദരപൂരണത്തിനും, അനാശാസ്യമായ അധികാര സ്ഥാപനത്തിനുമായി അവർ അന്യരാജ്യങ്ങൾ ന്യായരഹിതമായി ആക്രമിച്ചിരുന്നു. ഇന്നു പാശ്ചാത്യരുടെ ഇടയിലുള്ള മൃഗീയമായ യുദ്ധാസക്തി അക്കാലത്തുതന്നെ അവരിൽ ബീജാവാപം ചെയ്തിരിക്കണം. വിജയത്തിനു പര്യാപ്തമാംവണ്ണം അവർ പ്രകൃതിശക്തികളെ നിയന്ത്രിച്ചു. തൽഫലമായി ഇന്നു മനുഷ്യശക്തി നിരുപമാംവണ്ണം വർദ്ധിച്ചിരിക്കുന്നു. ഇത്രയും പറഞ്ഞതിൽ നിന്നും പാശ്ചാത്യരുടേയും പൗരസ്ത്യരുടെയും പ്രകൃതിയോടുള്ള പ്രാചീന കാലത്തെ മനോഭാവം ഭിന്നരീതിയിലായിരുന്നുവെന്നു വിശദമാണല്ലൊ.

ഒരുകാലത്തു ഭാരതത്തിലെ ഘോരാരണ്യങ്ങൾ ജീവിത രഹസ്യമറിയുന്നതിനു യാവജ്ജീവം പരിശ്രമിച്ചിരുന്ന യോഗീശ്വരന്മാരുടെ അധിവാസസ്ഥലങ്ങളായിരുവെന്നു പറയപ്പെടുന്നു. രമ്യഹർമ്മ്യങ്ങളേയും, മോഹനങ്ങളായ മററു സുഖവാസസ്ഥലങ്ങളേയും, പുത്രമിത്ര കളത്രാദികളേയും തൃണവൽഗണിച്ചു, സിംഹവ്യാഘ്രാദിമൃഗഗണങ്ങളാൽ നിഷേവിതങ്ങളായ ഘോരവനാന്തരങ്ങളിൽ പ്രവേശിച്ചു, ക്രോധം, ലോഭം, മോഹം മുതലായ ദുർവികാരപരമ്പരകളെ അമർത്തി "ആത്മാവിലാത്മാവിനെ ഓർത്തുകൊണ്ടും" അനേകം മഹാന്മാർ വസിച്ചിരുന്നു. അവരുടെ സമക്ഷം ക്രൂരമൃ

ഗങ്ങൾ ശാന്തങ്ങളായി ഭവിച്ചു. തരുനികരങ്ങളും, സുരഭിലസുമങ്ങളും, സൂനസുഗന്ധവാഹിയായ സമീരണനും അവക്ക് അത്യാഹ്ളാദം നൽകി. ഇപ്രകാരമുള്ള അരണ്യപ്രദേശങ്ങൾ ഭാരതത്തിലെ മഹാകവികളുടെ വർണ്ണനകൾക്ക വിഷയീഭവിച്ചെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. രാമായണം, ഭാരതം, അഭിജ്ഞാനശാകുന്തളം, കുമാരസംഭവം, കാദംബരി തുടങ്ങിയ ലോകോത്തരങ്ങളായ സാഹിത്യഗ്രന്ഥങ്ങളിലെ പ്രധാനഭാഗങ്ങളെല്ലാംതന്നെ സംഭവിച്ചിരിക്കുന്നതു് മഹാരണ്യങ്ങളിൽ വെച്ചാണ്. മേലുദ്ധരിച്ച സാഹിത്യഗ്രന്ഥങ്ങളുടെ നിർമ്മാതാക്കളിൽ പ്രകൃതിവർണ്ണനയിൽ പ്രഥമഗണനീയൻ ഭാരത"കവികുലകൂടസ്ഥനായ" കാളിദാസൻ തന്നെയാണ്. മനുഷ്യരുടെ സ്വഭാവരൂപാദിവർണ്ണനകളിൽ ഇദ്ദേഹം പ്രകൃതിയുടെ സഹായം വളരെ അവലംബിക്കുന്നുണ്ടു്.

കാളിദാസന്റെ പ്രകൃതിനിരീക്ഷണപാടവം ശാകുന്തളം,കുമാരസംഭവം മുതലായ കൃതികളിൽ അവികലമായി പ്രകടിപ്പിച്ചിരിക്കുന്നു. അന്നത്തെ ജനങ്ങളുടെ വിശാല മനസ്ഥിതി, ജീവകാരുണ്യം, ജീവിതാദർശങ്ങൾ മുതലായവ, സാർവ്വത്രികമായ ബഹുമാനത്തിനു വിഷയീഭവിച്ചിട്ടുള്ള ഈ സാഹിത്യ ഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കാം. ശകുന്തളയുടെ ആശ്രമത്തിൽ നിന്നുള്ള വേർപാടു് ഏതൊരു ശിലാഹൃദയത്തേയും സ്നിഗ്ദ്ധമാക്കുന്നതാണ്. സ്വമൃദുലകരങ്ങളാൽ നട്ടുനനച്ചു പിടിപ്പിച്ചിട്ടുള്ള മനോജ്ഞങ്ങളായ ചെടികളും, ഈശ്വരമാഹാത്മ്യത്തെ നിതാന്തം പ്രകീർത്തിക്കുന്ന സമൃദ്ധങ്ങളായ സുന്ദരവല്ലികളും, സ്വപരിരക്ഷണയിൽ വളർന്നുവന്നിരുന്ന ആശ്രമമൃഗങ്ങളും, എല്ലാത്തിനും ഉപരിയായി എവിടെയും വിളയാടിക്കൊണ്ടിരുന്ന നിതാന്തശാന്തിയും അവൾക്ക് അമേയമായ ആനന്ദം നൽകിയിരുന്നു. ഇവയോടു വേർപെടുന്ന അവസരം വ്യസനകരമായ ഒന്നുതന്നെ. എന്നാൽ ശകുന്തളയുടെ യാത്രയിൽ തപോവനം പോലും ദുഃഖംആചരിക്കുന്നതായി കവി വർണ്ണിക്കുന്നു. ആകുലചിത്തയായ ആ തരുണി സഖിമാരോടെന്നവണ്ണം മുല്ലവല്ലിയോടും തേന്മാവിനോടും കൂടി യാത്ര പറയുന്നു. ലതയെ ആലിംഗനം ചെയ്യുന്ന അവൾ പറയുന്നു:—"നീ തേന്മാവുമായി ചേർന്നിരിക്കയാണെങ്കിലും ആലിംഗനം ചെയ്യുന്ന എനിയ്ക്കു ഇങ്ങോട്ടു വന്നിട്ടുള്ള ചെറുതലക്കൈകൾകൊണ്ടു പ്രത്യാലിംഗനം തരണേ. ഇന്നുമുതൽ ഞാൻ നിന്നെ പിരിഞ്ഞു ദൂരദേശത്തു വസിക്കാൻ ഭാവിക്കയാണ്." പ്രകൃതിയേയും മനുഷ്യനേയും തമ്മിൽ എങ്ങനെ ഘടിപ്പിച്ചിരിക്കുന്നുവെന്നു നോക്കുക. ശകുന്തളയ്ക്കു് പരിചിതങ്ങളായ സർവ്വ വസ്തുക്കളോടും അവൾ യാത്ര പറയുന്നില്ല. പ്രത്യുത, സുന്ദരങ്ങളും, പ്രിയതരങ്ങളുമായ വസ്തുക്കളോ

ട മാത്രമെ അവരം യാത്ര പറയുന്നുള്ളൂ. ഇതിൽ നിന്നും കവിയുടെ സൗന്ദൎയ്യബോധം തെളിയുന്നു.

വിദ്യാലയങ്ങരം തുറന്നു വിദ്യാൎത്ഥികരം ദൂരദേശങ്ങളിലേക്കു പഠനത്തിനു പോകുമ്പോരം കൃഷിതല്പരരായിട്ടുള്ളവർ തങ്ങരം വാത്സല്യപൂർവ്വം രക്ഷിച്ചുവരുന്ന ചെടികളോട് സ്നേഹപുരസ്സരം സ്വസഹോദരങ്ങളോടെന്നവണ്ണം വീണ്ടുംവീണ്ടും യാത്ര പറയുന്നില്ലയോ? ഇവൎക്ക് തോന്നുന്ന അനുഭവവും, കാളിദാസൻെറ ശകുന്തളയ്ക്കുണ്ടായ അനുഭവവും ഏറെക്കുറെ ഒന്നുതന്നെയല്ലേ? സ്രഷ്ടാവിൽനിന്നും ഉത്ഭവിക്കുന്ന പ്രകൃതിയോടുള്ള ഈ സ്നേഹം നമ്മിൽ പലൎക്കും അനുഭവപ്പെടുന്നില്ലായിരിക്കാം. പരിപാവനമായ സ്നേഹം യാതൊരുവനിൽ സ്ഥിതിചെയ്യുന്നുവോ, ലാഭേഛ കൂടാതെയുള്ള സ്നേഹത്താൽ യാതൊരുവൻ ധന്യനായിരിക്കുന്നുവോ, അവൻ സംസാരദുഃഖം വിജയത്തോടുകൂടി തരണം ചെയ്യുന്നവനായിരിക്കും. എന്നാൽ മഹത്തരങ്ങളായ ആദർശങ്ങരം മറന്നു കേവലം ഭൌതികജീവിതത്തിന് സ്ഥാനം കൊടുക്കുമ്പോരം മനസ്സ് വിവിധദുർവികാരങ്ങരംക്കു വിഷയീഭവിക്കുന്നു. അസൂയ, സംശയം, അഹങ്കാരം, സ്വാൎത്ഥത മുതലായ ദുർഗ്ഗുണങ്ങരം അവനിൽ ഉത്ഭവിക്കുന്നു. ഇവയ്ക്കു വിധേയനായവനു, മനുഷ്യനും മനുഷ്യനും അല്ലെങ്കിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധമെന്താണെന്നു ഗ്രഹിക്കുവാൻ പ്രയാസം നേരിട്ടേക്കാം.

വസന്തകാലം വിവരിക്കുമ്പോരം സർവ്വവസ്തുക്കളേയും മദോന്മത്തമായി കവി ദർശിക്കുന്നു. കുളിർതെന്നലേററു ലാലസിക്കുന്ന ലതകരം കാമിനികളായും, അവയാൽ ചുററപ്പെട്ട വൃക്ഷങ്ങരം കാമുകന്മാരായും പ്രത്യക്ഷപ്പെടുന്നു. ഈ ഉദാഹരണങ്ങളിൽ നിന്നും പ്രകൃതിസൌന്ദൎയ്യം കാളിദാസൻെറ കൃതികളിൽ എപ്രകാരം പ്രതിബിംബിച്ചിരിക്കുന്നുവെന്നു കാണാവുന്നതാണ്. നിശ്ചയമായും അദ്ദേഹം പ്രകൃതിയിലുള്ള സുന്ദരവസ്തുക്കരം കണ്ടുകണ്ട് അനന്തമായ ആനന്ദം അനുഭവിച്ചിരിക്കണം. വാത്സല്യനിധിയായ മാതാവിൻെറസ്തന്യപാനംചെയ്തു അവളുടെ പരിലാളനകളാൽ മദിച്ച്, ഓടിയുംചാടിയും ഉല്ലസിക്കുന്ന പൈതൽപോലെ കവി പ്രകൃതിമാതാവിൻെറ സൗന്ദൎയ്യസ്തന്യം നുകർന്ന് അനന്താനന്ദസാന്ദ്രമായ വിലാസഭംഗികളീക്ഷിച്ചും ആസ്വദിച്ചും പ്രകൃതിയുടെ ഉത്സംഗത്തിൽ കിടന്നു കളിയാടുന്നു.

രാമായണം, ഭാരതം എന്നീ ഗ്രന്ഥങ്ങളിൽ നിന്നും ഇതുപോലെയുള്ള പല ഉദാഹരണങ്ങരം എടുത്തുകാണിക്കാവുന്നതാണ്. പിതൃഹിതത്തെ മുൻനിറുത്തി വനവാസം കൈവരിച്ച ശ്രീരാമൻ, വനങ്ങളുടെ മനോഹരതയെ ദർശിച്ചുകൊണ്ടു സ്വപ്രേയസിയോട് തൻെറ രാജ്യം നഷ്ടപ്പെട്ടുപോയതുകൊണ്ടോ, സ്നേഹിതന്മാരിൽ നിന്ന് അകന്നിരിക്കുന്നതുകൊ-

ണ്ടോ യാതൊരു സങ്കടവും ഇല്ലെന്നു പറയുന്നതും, ഭർത്താവിനാൽ പരിത്യജിക്കപ്പെട്ട സീത വനത്തിൽവച്ചു ദീനദീനം പ്രലപിക്കുമ്പോൾ "തരുനികരമുതിർത്തുമലർ മുഖതൃണങ്ങൾവെടിഞ്ഞു ഹരിണികൾ, നടനം ചെയ്തീല കേകികൾ" എന്നു കവി വർണ്ണിച്ചുപോകുന്നതും ഭാരതീയ സ്വഭാവത്തിനു യോജിച്ചതത്രെ.

ഇനിയും പാശ്ചാത്യരാജ്യങ്ങളിലെ പുരാതനകവികൾ പ്രകൃതിവർണ്ണനയിൽ എത്രമാത്രം പ്രവീണരായിരുന്നുവെന്നു ആരായുകതന്നെ. പാശ്ചാത്യകവികളിലഗ്രഗണ്യനെന്നു വിചാരിച്ചുവരുന്ന ഷേയിക്സ്പീയർ, തന്റെ മഹാഗ്രന്ഥങ്ങളിൽ പ്രകൃതിയെ പല സ്ഥലങ്ങളിൽ സ്പർശിച്ചിട്ടുണ്ടെങ്കിലും പ്രകൃതിയെ മനുഷ്യജീവിതത്തിലെ ഒരു ഘടകമായി കരുതുന്നില്ല. ഇതേപ്പററി ടാഗ്രർ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"It cannct be said that beauty of nature is ignored in his writings; cnly he fails to reccgnise in them the truth of the interpenetration of human life with the cosmic life of the world''.
ദുരിതങ്ങൾ സഹിക്കുന്നവരെ പ്രകൃതി സമാശ്വസിപ്പിക്കുന്നില്ല. പുത്രിമാരാൽ നിരസിതനാകയാൽ ക്രുദ്ധനായ വൃദ്ധൻ ലീയർ അവരെ ശിക്ഷിക്കുന്നതിന് പ്രകൃതിശക്തികളോടു കേണുവീണു പ്രാർത്ഥിക്കുന്നു. വേർഡ്സ്വർത്തിന്റെ ആവിർഭാവത്തോടുകൂടി പാശ്ചാത്യരുടെ സാഹിത്യാന്തരീക്ഷത്തിൽ ഗുരുതരമായ ഒരു പരിവർത്തനമുണ്ടായി. സൂക്ഷ്മാവലോകനപടുവായ ഇദ്ദേഹം പ്രകൃതിയെ ചൂണ്ടിക്കാണിച്ചുകൊണ്ടു ജനങ്ങൾക്കു ഉപദേശം നൽകി. വേർഡ്സവർത്ത് തന്റെ മഹനീയാദർശങ്ങളും, തത്വങ്ങളും ആത്മസംശുദ്ധിയും, കവിതാവാസനയും പ്രകൃതിയാകുന്ന ദർപ്പണത്തിൽകൂടിയാണു ജനങ്ങൾക്കു കാണിച്ചുകൊടുക്കുന്നതു്. പ്രകൃതിവർണ്ണനയിൽ പിൻഗാമികൾക്കും ഈ കവി ഒരു മാതൃകാപുരുഷനായി ഭവിച്ചു. റസ്കിൻ, കീററ്സു മുതലായവരും ഈ അവസരത്തിൽ സ്മരണീയരാണ്.

പ്രകൃതിയിൽ കാണുന്ന സുന്ദരവസ്തുക്കളെ വർണ്ണിക്കുന്നതുകൊണ്ടു കവികൾ മാനവസമുദായത്തിന് എന്തെങ്കിലും ഗുണം ചെയ്യുന്നുണ്ടോ? ഈ വർണ്ണനകൾ സൌന്ദര്യാസ്വാദനസന്ദർഭങ്ങളെ മാത്രമല്ല, പരിപൂർണ്ണമനുഷ്യത്വത്തിലേക്ക് ആരെയും നയിക്കുന്ന തത്വോപദേശങ്ങളേക്കൂടി നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്. ദിവാകരന്റെ തപ്തകിരണങ്ങളേററു വാടിത്തളന്നു കിടക്കുന്ന ഒരു പുഷ്പം കണ്ടുകൊണ്ടു്, മനുഷ്യജീവിതത്തിന്റെ ക്ഷണികതയും, ഐശ്വര്യങ്ങളുടെ അനശ്വരതയും, അമോഘങ്ങളായ മററുചില തത്വങ്ങളും കവി ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നു. ദൈവത്തിനും മനുഷ്യനും ഹിതമല്ലാത്ത വിധത്തിൽ ദുർഗ്ഗുണങ്ങളിൽ മുഴുകി, ആത്മചൈ

ത്ത്വം നശിപ്പിച്ചു അനേകവർഷം ജീവിച്ചിരിക്കുന്നതിലും നല്ലതു, സൽഗു ണസമ്പന്നനായി പരോപകാരതല്പരനായി കുറെനാൾ ജീവിച്ചിരിക്കയാ ണെന്നു അദ്ദേഹം നമ്മെ ഉപദേശിക്കുന്നില്ലേ? ആകാശത്തിൽകൂടി പറി ക്കുന്ന നാനാവിധ പക്ഷികളും, വികസിച്ചുനില്ക്കുന്ന സുരഭിലസുമങ്ങളും, തടിച്ചുകൊഴുത്തു വളരുന്ന പടർപ്പുചെടികളും, മധുവുണ്ടു സ്വച്ഛന്ദം വിഹ രിക്കുന്ന ഭ്രമരങ്ങളും, എന്നുവേണ്ട പ്രകൃതിയിലുള്ള സർവ്വവസ്തുക്കളും സന്തോ ഷത്തോടുകൂടി സ്ഥിതിചെയ്യുമ്പോൾ മനുഷ്യൻമാത്രം അവന്റെ സ്വ ന്തംകുററത്താൽ ദുഃഖിതനായിരിക്കുന്നതു് ദീർഘനിശ്വാസത്തോടുകൂടി വീ ക്ഷിക്കുന്നകവി, സർവ്വമനുഷ്യരോടും ആനന്ദചിത്തവൃത്തികളായി മരുവുന്ന തിനു അനുശാസിക്കുന്നില്ലയോ? യന്ത്രങ്ങളിൽനിന്നു ഉൽഗമിക്കുന്ന കർണ്ണ കഠോരമായ ശബ്ദം നിങ്ങൾക്കു് ആനന്ദം നൽകുന്നില്ലെങ്കിൽ, കാല ത്തിന്റെ പരിഷ്കാരഫലമായിട്ടും, ചില മനുഷ്യരുടെ അധികാരഭ്രമവും, മ നോഹരങ്ങളും എന്നാൽ കൃത്രിമങ്ങളുമായ കലാപ്രകടനങ്ങളും നിങ്ങളെ സന്തോഷിപ്പിക്കുന്നില്ലെങ്കിൽ, വിശാലമായ സമുദ്രതീരത്തുചെന്നു, കല്ലോ ലപരമ്പരകളാൽ ഇളകിക്കളിക്കുന്ന, ശീകരശീതവാതപോതങ്ങൾ തല്ലോടി ക്കൊണ്ടിരിരിക്കുന്ന, രത്നാകരത്തെ വീക്ഷിക്കുക. അവിടെ അനേകം ദി വ്യാംഗനമാർ നൃത്തംചെയ്യുന്നതുകണ്ടു നിങ്ങൾക്കു സന്തോഷമനുഭവിക്കാ മെന്നു വേറൊരു കവിനമ്മെ അനുസ്മരിപ്പിക്കുന്നില്ലേ? പ്രകൃതിയിൽ ലയി ച്ചിരിക്കുന്ന ഈശ്വരമാഹാത്മ്യം നുകൎന്നു മഹത്തരങ്ങളായ ഉപദേശ ങ്ങളും തത്വങ്ങളുംകൊണ്ടു് ലോകത്തെ നിയന്ത്രിക്കുന്ന ഈ മഹാനുഭാവ ന്മാർ തന്നെയാണു സാക്ഷാൽ ഗുരുക്കന്മാർ. പ്രപഞ്ചമാകുന്ന പാലാഴി മ ഥനം ചെയ്യുന്ന ഈ മഹാന്മാരാൽ ലോകം അനുഗ്രഹിക്കപ്പെട്ടിരുന്നില്ലെ ങ്കിൽ അതെന്നും ദുരിതപൂർണ്ണമായിത്തന്നെ കിടന്നേനെ.

പങ്കജകാമുകൻ അസ്തമിച്ചു. ചന്ദ്രോദയം നിമിത്തം "ക്ഷീരസാഗര തരംഗപരമ്പരപോലെയുള്ള" ചന്ദ്രികാകാന്തി ഭൂമുഖത്തെ ശോഭിപ്പിക്കുന്നു. അച്ഛസ്ഫടികസങ്കാശമായ ആകാശം പരസഹസ്രം താരഗണങ്ങളാൽ അലം കൃതമായി. സുന്ദരവല്ലികൾ മന്ദമാരുതനിൽ ലാലസിക്കുന്നു. "രജതതരംഗ ങ്ങളകൾ കിലുക്കി തരംഗിണിത്തരുണികൾ തരളഗമനം ചെയ്യുന്നു." പ കൽ സമയത്തെ ജോലികളശേഷം സ്നാനവും കഴിഞ്ഞു ജനങ്ങൾ അവര വരുടെ വസതികളിൽ വന്നു് ഈശ്വരസ്തോത്രം ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു സമയത്തു്, ഒരു സന്ധ്യയിൽ—സർവ്വത്ര നിശ്ശബ്ദത, സമാധാനം, ശാന്തി—ഒരു മനുഷ്യൻ, ദുർവികാരങ്ങളിൽനിന്നും ലോകവ്യാമോ ഹങ്ങളിൽനിന്നും വിമുക്തനായ ഒരു മനുഷ്യൻ, തന്റെ ചുററിനു മുള്ള പ്രകൃതിയെ നിരീക്ഷിക്കുമ്പോൾ, അവന്റെ നിർമ്മലമായ മനസ്സിൽ

ഒരു ചെറുബാലൻ കളിമണ്ണുകൊണ്ടു ചക്കരയുണ്ടാക്കി നിരത്തിവെച്ചുകൊണ്ടു് ആനന്ദിക്കുന്നതുപോലെയൊ, ഒരു ചിത്രകാരൻ അയാറം നിൎമ്മിച്ചിട്ടുള്ള മനോഹരചിത്രംകണ്ടു് രസിക്കുന്നതുപോലെയോ, ഒരു കവി തന്റെ അതിവിശിഷ്ടമായ പദ്യശകലം വീക്ഷിച്ചാസ്വദിക്കുന്നതുപോലെയൊ, നവമായുണ്ടായ ഒരു കുട്ടിയെ അതിന്റെ മാതാവുകണ്ടു സന്തോഷിക്കുന്നതുപോലെയൊ, "എന്റെ സൃഷ്ടിയിൽ എനിക്കു സന്തോഷമുണ്ടു്" എന്നു പറഞ്ഞുകൊണ്ടു് സ്വയംഭൂവായ ആ മഹാകവി ഈ പ്രപഞ്ചത്തെ കണ്ടാനന്ദിക്കുന്നുണ്ടാം. അതേ— പ്രകൃതിയിൽക്കൂടി ഈശ്വരനെ കാണാം. അതിനു കൂടുതൽ ഭാഗ്യമുള്ളവർ അത്രയ്ക്കും കവികളത്രെ!

# ക്ഷമാപണം

കെ. ശ്രീധരൻനായർ, ക്ലാസ് IV

ഉദിതശശിതൻകുളിർരശ്മിയേററവും
വിജനതയിൽമുങ്ങിക്കിടക്കുമീവീഥിയിൽ
നഗരബഹളങ്ങളെപ്പിന്നിട്ടുപോകുമെൻ
പദപതനശബ്ദങ്ങൾമാറെറാലിക്കൊള്ളുന്നു.
അവിടവിടെയായ്കാണുമോരോകവാടവും
ഭുവനമിതിനോടൊപ്പമേററവുംനിർദ്ദയം!

"അരുതരു,തടുക്കരു"തെന്നവയെന്നോടു
കരുണയൊരുലേശവുമേശാത്തഭാഷയിൽ
അനവരതമോതുന്നു,കഷ്ടം,സഹതാപ–
മണുവുമിവകൾക്കി,ല്ലിവിടംനരകമോ?

അകലെയത,കാണുന്ന'ചെററക്കുടില്'ത–
ന്നുപരിക്രമുകങ്ങൾക്കിടയിലൂടങ്ങിനെ
ഒരുരജതതളികയൊടുസമമമലശീകര
ദ്യുതിവിതറിശിശിരകരബിംബംവിളങ്ങുന്നു.
പരിചരണലോലരെന്നോണമതിൻചുററും
നിരവധികതാരകൾനിൽക്കുന്നുനിശ്ചലം.

ഇതിനൊടുസമാനമാംരംഗാന്തരത്തിനെ
മമഹൃദയമോർത്തിടുന്നു,ണ്ടതിൽസ്പഷ്ടമായ്
നിരവധിയധിത്യകാസ്ഥാനങ്ങൾവാനിടം
വിരവൊടുവിഭാഗിച്ചുനിന്നുമനോഹരം
തെരുതെരെയിരച്ചടിച്ചേരുമലകൾതൻ
ധവളനുരനന്മുത്തുമാലകൾതീർക്കയായ്.
പുറകിൽ,മലയാനിലൻമന്ദമോടിക്കളി–
ച്ചിരുളിനുടെയാന്ധ്യതയിങ്കൽമറഞ്ഞുപോയ്.

അന്നുദിവസമന്തിക്കുസായാഹ്നസഞ്ചാര–
കുതുകമൊടുഞാനെത്തുമസ്ഥലത്തേകനായ്

അവളെയൊരുപഞ്ജരാന്തഃസ്ഥയാംകാഞ്ചന
ക്കുരുവിയത്തുപോലെവൻകാട്ടിൽഞാൻകണ്ടിട്ടും.
അവളവിടെയക്ഷമയായിട്ടലഞ്ഞല-
ഞ്ഞൊടുവിലൊരുകുഞ്ജകത്തിങ്കൽലയിപ്പതും,
നിബിഡവനലതയിലുരുജഘനമതുതാങ്ങിയ-
പ്പദതളിരുതാഴെയൊന്നൂന്നിയാട്ടുന്നതും,
അവിടെയൊരുവന്മരച്ചോട്ടിലൊളിച്ചുനി-
ന്നതിമുദിതനായിഞാൻകാണ്മംപലപ്പോഴും!

'ല'തിക'യുടനെന്നെതിരഞ്ഞുവന്നോതു, "മെ,-
ന്തരുണനൊരുമാമരച്ചോട്ടിൽവന്നെത്തിയോ?
ചകിതഹൃദയങ്ങളിൽവിസ്മയസ്പന്ദനം
തെരുതെരെയിളക്കുന്നമഞ്ജുമന്ദസ്മിതം
അരനിമിഷനേരമെൻജീവിതക്കല്ലറ-
യ്ക്കകമൊരുമനോഹരഹർമ്മ്യംരചിച്ചിട്ടും!

സതിയുടനെൻകരവല്ലിയെൻകണ്ഠത്തി-
ലൊരുമൃദുതലഹാസത്തൊടർപ്പിച്ചുചൊന്നിദം:
"പതിതയിവളങ്ങയ്ക്കുഭാര്യയായ്തിരുവാ-
നൊരുലവവുമർഹയല്ലെങ്കിലുംപ്രാണേശ,
കരിനിഴലിൽമങ്ങിയിരുന്നമൽച്ചിത്തത്തി-
നൊരുപരമനിർമ്മലഭദ്രദീപംഭവാൻ

സതി! മരണമാംമറയ്ക്കുള്ളിൽമറഞ്ഞുനീ
ഹൃദയപരിദേവനാൽ—മാപ്പെനിക്കേകണേ!
സരളയുടെസൌന്ദര്യസമ്പത്തുമോഹിച്ചു
പരമപരിപാവനേഞാൻമുഴുഭ്രാന്തനായ്
അതിവിമലമാംമനോമോഹനപ്പൊയ്കയെ-
ന്നൊരുമരുമരീചികകണ്ടുശങ്കിച്ചുഞാൻ.
മമഹൃദയഭൃംഗമശിച്ചുപോയ്കയ്പ്പേറു—
മവളുടെഹൃദാന്തസ്ഥകൌടില്യതിക്തകം.
ഒരു വിധവുമോർത്തിരുന്നില്ലഞാൻബാഹ്യമാം
സുഭഗതമറച്ചോരക്രൂരസർപ്പത്തിനെ

കുമതിയവനെന്നെകടിച്ചില്ലതിൻമുൻപു
പരവശമനസ്വിയായ് കണ്ടുഞാൻതൽക്ഷണം!!

അനുഭവമിതായിരുന്നോമനേ, നിന്നെവി—
ട്ടനുപദമകന്നൊരീയേഴക്കനന്തരം,
മലിനഹൃദയൻഞാൻമടങ്ങിവരുംമുൻപു
മരണമണിമാല്യമണിഞ്ഞുനീമുക്തയായ്
കനകമയകതിർവിതറിവിലസിടുമനന്തമായ്
തവഹൃദയമതിലെരിയുമാമണിദീപിക!
അനഗനിവനെത്തുവാനൊന്നുകാട്ടീടണേ
സകലപിഴയുംപൊറുത്താവിളക്കൊന്നുനീ!!

# വിദ്യാത്ഥിസത്രം

[ഗോപിനാഥമേനോൻ–I Class]

വിദ്യാത്ഥികൾക്കുമാത്രം താമസിക്കുവാൻ ഉണ്ടാക്കിയിട്ടുള്ള ഒരു സ്ഥാപനമാണ് ഹോസ്റ്റൽ അഥവാ വിദ്യാത്ഥിസത്രം. ഈ സ്ഥാപനം ഒരു മതാചാൎയ്യന്റെയോ വിദ്യാലയത്തിലേ ഒരദ്ധ്യാപകന്റെയൊ, അധീനതയിലാണ് നടന്നുപോരുന്നതു്. 'വാർഡൻ' എന്ന ഉദ്യോഗസംജ്ഞതന്നെ അദ്ദേഹത്തിന്റെ കൎത്തവ്യം വിശദീകരിക്കുന്നു. അദ്ദേഹമാണ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കു അനുകരണീയൻ. വിദ്യാത്ഥികൾക്കു മാത്രമല്ല വിദ്യാർത്ഥിനികൾക്കും പ്രത്യേകം ഹോസ്റ്റൽ ഉണ്ട്. ഓക്സ്ഫോർഡ് ആദിയായ സർവകലാശാലകളോടനുബന്ധിച്ചും വിദ്യാത്ഥിസത്രങ്ങൾ ഉണ്ട്. അവിടെ വിദ്യാത്ഥികൾ അദ്ധ്യയനകാലത്തു് താമസിക്കണമെന്ന് നിർബന്ധമാണ്.

ഇന്നത്തെ ഹോസ്റ്റൽസമ്പ്രദായം പ്രാചീനഗുരുകുലവാസത്തിന്റെ അനുകരണമാണ്. ഇതിനു പല ലക്ഷ്യങ്ങൾഉണ്ട്. പ്രാചീനകാലങ്ങളിൽ വിദ്യാത്ഥികൾ ആചാൎയ്യഗൃഹങ്ങളിൽ വിദ്യാഭ്യാസകാലം വിനിയോഗിക്കുകയാണ് ചെയ്തുവന്നതു്. എന്നാൽ ഈ പദ്ധതിയിൽനിന്നും വ്യത്യസ്തമല്ലാത്ത വിധത്തിലാണ് 'ഹോസ്റ്റൽവാർഡനും' വിദ്യാത്ഥികളും കഴിഞ്ഞുകൂടുന്നതു്. പണ്ടത്തെ ഗുരുകുലവാസത്തെ അനുസ്മരിക്കുന്ന

"തൻബന്ധുമിത്രങ്ങളെയൊക്കയുംവി–
ട്ടാചാൎയ്യനിൽച്ചെൽവിതുശിഷ്യദോഷം,
കിടാവിനെദ്ദേശികനേകിയേച്ചാ—
ലച്ഛന്നമമ്മയ്ക്കുമൊഴിഞ്ഞുഭാരം,"

എന്ന പദ്യം ഗുരുധൎമ്മത്തിന്റെ പാരമ്യത്തെ അളന്നുകാണിക്കുന്നു. പുരാതനാദർശങ്ങളെ വള്ളിപുള്ളികൾ വിടാതെ അനുകരിപ്പാൻ തുടങ്ങിയ ഒന്നാണ് ഈ പ്രസ്ഥാനം. ഇതു ആദർശത്തിലേയ്ക്കുള്ള ഒരു തിരിച്ചുപ്പോക്കു... 

ഗുരുകുലവാസത്തിന് നിരവധി ഗുണങ്ങളുണ്ട്. ഗുരുവും ശിഷ്യനും തമ്മിൽ അടുത്തുള്ള പെരുമാററംനിമിത്തം ശിഷ്യൻ ഗുരുവിനെ"നലമൊട്ടു പതിവിനനുകരിപ്പാൻ" പരിശ്രമിക്കുന്നു; ശിഷ്യന്റെ സ്വഭാവമാലിന്യങ്ങളെ ഗുരു ചൂണ്ടിക്കാണിക്കുന്നു; ശിഷ്യൻ തന്റെ കുറവുകളെ പരിഹരിക്കുവാൻ പരിശ്രമിക്കുന്നു. ഗുരുവും ശിഷ്യനും എല്ലായ്പ്പോഴും ഒന്നിച്ചുകഴിഞ്ഞുകൂടുന്നതുകൊണ്ട് ശിഷ്യന് അപ്പഴപ്പോൾ ഉണ്ടാകുന്ന സംശയങ്ങളെ അദ്ദേഹം ഇല്ലാതാക്കുകയും, തന്റെ വിജ്ഞാനത്തെ ശിഷ്യനു "ചൊല്ലിക്കൊടുക്കുക"യും ചെയ്യുന്നതിനു സാധിക്കുന്നു.

ഗുരുവും ശിഷ്യനുമെന്ന സുന്ദരമായ സംജ്ഞയല്ല ഇപ്പോൾ സർവ്വവിദിതമായിരിക്കുന്നതു്. ഇന്നു നമുക്കു കാണാവുന്നതു് അദ്ധ്യാപകനും വിദ്യാർത്ഥിയുമാണു്. ഇവരുടെ പരസ്പരസന്ദർശനം അല്പസമയത്തേയ്ക്കുമാത്രമാണു്. അതുകൊണ്ടു് ശിഷ്യനുള്ള സ്വഭാവമാലിന്യങ്ങൾ ഗുരുവിനു ചൂണ്ടിക്കാണിക്കുന്നതിനും, തദ്വാരാ, ശിഷ്യനു മാലിന്യങ്ങളെ ദൂരീകരിക്കുന്നതിനും ഇടവരുന്നില്ല.

വിദ്യാൎത്ഥിജീവിതത്തെ പാഴാക്കുന്ന അനവധി വിദ്യാർത്ഥികൾക്കു ഇപ്പോഴത്തെ ഹോസ്റ്റൽപ്രസ്ഥാനം ഒരനുഗ്രഹംതന്നെ. അവർ ബാലിശമായ തങ്ങളുടെ വികാരങ്ങൾക്കു വിധേയരായിത്തീൎന്നു ബാല്യകാലം അനാശാസ്യമായ വിധത്തിൽ ചെലവഴിക്കുന്നതിനു പ്രതിബന്ധമായി ഈ പ്രസ്ഥാനം നില്ക്കുന്നു. ഈ സദുദ്ദേശം പരിപൂർണ്ണമായി ഫലവത്താകുന്നില്ലെങ്കിലും, പ്രയോജനം ഇല്ലാതാകുന്നില്ല. മനുഷ്യൻ സാമുദായികജീവിയാണു്. അവൻ ബാല്യംമുതൽ മററുള്ളവരുമായി പെരുമാറുന്നതിനു പഠിക്കതന്നെവേണം. പ്രതിനിമിഷം ലോകം മാറിക്കൊണ്ടിരിക്കുന്നു. ഈ മാററത്തിനനുസരിച്ചു മനുഷ്യൻ പെരുമാറേണ്ടതും ആവശ്യമാണു്. "പുസ്തകപ്പുഴു"വായിമാത്രം ജീവിതകാലം നയിക്കുന്ന വിദ്യാൎത്ഥിയ്ക്കു ഭാവിയിൽ പോലും ലോകത്തിൽ ഒരു സ്ഥാനവുമില്ല. ഹോസ്റ്റൽപ്രസ്ഥാനം തദനുസരണമായ പരിതസ്ഥിതികൾ വിദ്യാർത്ഥിക്കു പ്രദാനം ചെയ്യുന്നു.

ഈ നവീനസമ്പ്രദായത്തിൻെറ സർവ്വപ്രധാനമായ പ്രയോജനം ഒരു വിദ്യാൎത്ഥിക്കു അദ്ധ്യയനത്തിനു വേണ്ടിടത്തോളം സമയം കിട്ടുമെന്നുള്ളതാണു്. അതുകൊണ്ടു് അവനു ക്ലാസിലേയ്ക്കു ആവശ്യമുള്ളതിലധികം പുസ്തകങ്ങൾ ശ്രദ്ധയോടുകൂടി വായിച്ചു പഠിക്കുന്നതിനും, 'പൊതുജനജിഹ്വ'യായ വൎത്തമാനപത്രംമൂലം വിവരങ്ങൾ ഗ്രഹിക്കുന്നതിനും സാധിക്കുന്നു. അവനവൻെറ വീട്ടിൽ താമസിച്ചാൽ തീൎച്ചയായും ഇത്രയും സമയവും സൌകൎയ്യവും കിട്ടുകയില്ല. ഹോസ്റ്റലിൽ വിദ്യാർത്ഥികൾക്കു വിവിധകൎത്തവ്യങ്ങൾക്കു ക്ലിപ്തസമയമാണുള്ളതു്. പ്രഭാതത്തിൽ എല്ലാവരും ദിനചൎയ്യകളിൽ ബദ്ധശ്രദ്ധരാകുന്നു. എല്ലാ ദിവസവും ഒരേസമയത്തു എല്ലാ വിദ്യാർത്ഥികളും ഭക്ഷണം കഴിക്കുന്നു; സായാഹ്നത്തിൽ കായികവിനോദങ്ങളിൽ ഭാഗഭാക്കാകുന്നു. ഈ ജീവിതചൎയ്യ ആരോഗ്യവർദ്ധനത്തിനു തകുമെന്നുള്ളതു് തൎക്കമററ സംഗതിയാണു്. പുസ്തകദൌൎല്ലഭ്യംഉള്ള വിദ്യാർത്ഥികൾക്കു വിഷമംകൂടാതെ പഠിക്കാമെന്നുള്ളതാണു് വേറൊരു ഗുണം.

ഇതിനു ചില ന്യൂനതകളും ഇല്ലാതില്ല. സൌകൎയ്യം കാലക്രമത്തിൽ അസൌകൎയ്യമായിത്തീരുന്നു. 'ഹോസ്റ്റലിൽപോയി വേറെ വല്ലവരുടേയും നോട്ടു നോക്കാം' എന്നുള്ള ആശ്വാസത്തോടുകൂടി ക്ലാസ്സിൽ ശ്രദ്ധിക്കുന്നില്ല. ഗൃഹപാഠമാദിയായവ മററു വിദ്യാർത്ഥികളുടെ നോക്കി എഴുതി ക്ലാ-

ക്ലാസ്സിൽ കൊണ്ടുപോകുന്നു. ഇപ്രകാരമൊക്കെ പഠിത്തത്തിൽ ശ്രദ്ധപതിപ്പിക്കാതെ വിദ്യാർത്ഥി അലസനായിത്തീരുന്നു. അതുകൊണ്ടു് അവനു യാതൊന്നും അറിഞ്ഞുകൂടാതാകുന്നു.

ഹോസ്റ്റൽസമ്പ്രദായത്തിനു വേറെ ചില ന്യൂനതകളും ഇല്ലാതില്ല. ഏതെങ്കിലും ഒരു വിദ്യാർത്ഥിയ്ക്കു പകർച്ചവ്യാധി പിടിപെടുന്നു എങ്കിൽ മററുള്ളവക്കും താമസിയാതെ പകരുന്നതു കണ്ടുവരുന്നു. ഒരു ഹോസ്റ്റലിലുള്ള ഒട്ടുമിക്ക വിദ്യാർത്ഥികൾക്കും രണ്ടുമാസത്തിനകം ചില സാംക്രമികരോഗങ്ങൾ പടർന്നുപിടിച്ചതായി എനിക്കറിയാം. ദുസ്വഭാവികളോടുള്ള സഹവാസംനിമിത്തം ലോകപരിചയമില്ലാത്ത വിദ്യാർത്ഥികളുടെ സൽസ്വഭാവം മലീമസമാകുന്നു. ബീഡി, പൊടി, ആദിയായ സാധനങ്ങൾ ഉപയോഗിച്ചു, പരിശീലനപാടവം സിദ്ധിച്ചു് ആധുനികപരിഷ്കാരികളായിത്തീരുന്നു.

ഇതുകൊണ്ടു് ഈ നൂതനപ്രസ്ഥാനത്തിനു് അല്പം ചില ന്യൂനതകൾ കണ്ടുവരുന്നുണ്ടു്. എങ്കിലും വിദ്യാർത്ഥികളുടെ ഭാവിശ്രേയസ്സിനു് ഇതു് അത്യന്തം ഉപകരിക്കുന്നു. ഹോസ്റ്റൽനായകനായ വാർഡനും വിദ്യാർത്ഥികളും ഏകോപിച്ചു പ്രവത്തിക്കുന്നു എങ്കിൽ ഈ കുറവുകളെ നിഷ്പ്രയാസം പരിഹരിക്കാവുന്നതാണു്. ആധുനികഹോസ്റ്റൽപ്രസ്ഥാനം പൂർണ്ണദശയിലെത്തി എല്ലാ വിദ്യാർത്ഥികളുടെയും ഭാവി ഭാസുരമായി തീരുന്നതു് അടുത്ത കാലത്തുതന്നെ ദർശിക്കാമെന്നാശിക്കുന്നു.

# ബാഷ്പാഞ്ജലി

[കെ. പി. കേശവൻ-IV U. C.]

നീലവനഭൂവിലൊരുപോലെകനകാഗ്നി—
ജ്ജ്വാലതടവിച്ചുകരമാലിമറയുമ്പോൾ
നേരിയൊരുകൈത്തിരിയുമേന്തിയവിടത്തിൽ
ചാരുമുഖിയച്ചെറുമിയെന്നുമണയുന്നു.
കണ്ടകലതാപടലിചൂഴ്ന്നശിലതന്മേ—
ലുണ്ടൊരുവിളക്കവിടെയൊട്ടുമറവിങ്കൽ
സ്നേഹമതിൽവാർത്തുസിതമാംതിരിയുമിട്ടാ
സ്നേഹവതികാത്തിടുമതങ്ങുപൊലിവോളം.
തെല്ലിടകരാംഗുലികൾകൂപ്പിവിനമിക്കും,
പിന്നവൾപുലമ്പുമിരവോട്ടുകഥയേതോ,
ഭൂതസുഖചിന്തകളുയർന്നിരതല്ലി—
ക്കാതരമതിക്കുമിഴിനീരണകൾപൊട്ടും.
വേണുസുഷിരങ്ങളിൽവനാന്തപവമാനൻ
പ്രാണസുഖകാകളികളൂതിയണയുമ്പോൾ,
അമ്പിനൊടുരാക്കുയിലണഞ്ഞു, മധുചൂത—
ക്കൊമ്പിൽനറുകർണ്ണസുധതൂകിമരുവുമ്പോൾ,
എത്രദിനമർദ്ധാത്തനുവല്ലിലയിലപ്പി—
ച്ചത്തരുണികേഴുവതിവന്റെമിഴികണ്ടു!

x x x x

ലോകഗതിയാംചലനചിത്രമതിലേവം
ശോകകഥയല്ലിവൾനടിച്ചുചിരകാലം.
ചാരുമതിയായയുവധീരനൊരുതമ്പ്രാൻ
ക്രൂറൊടുപുലത്തിയവളാണുഹരിണാക്ഷി.
കാട്ടിലതുകാലമവൾതന്റെകളഗീതം
കേട്ടുതളിർമെത്തയിലുണർന്നുകുസുമങ്ങൾ;
കൊച്ചുസഖിതേടിയകുതൂഹലരസത്തിൻ
സ്വച്ഛതടാകത്തിമറിമാൻനിരമദിച്ചു;
ആയതിയെഴുംസമകൾപോയിബതപിന്നീ—
ടാരുമറിയാതെകഥയേതു,മവളിപ്പോൾ
ശോകവികലാത്മസമമേവമിവിടത്തിൽ

പൂകുമൊരുനീണ്ടചുട്ടുവീർപ്പുവിട്ടുവാനായ്.
ഹേതുവതിനാരുമറിവീലതുകഥിപ്പീ—
ലേതുമവൾതന്നരിയദീപികയൊടെന്യേ.
ആയതുകവൻമലയാചലസമീരൻ
പ്രേമശിഥിലാക്ഷരമതെന്നുമുരളുന്നു.
താണചെറുമിക്കമനുജോചിതവികാരം
ചാണയരെയെത്തുവതനീതി; യതിനാലെ
കാമുകസമീപമറിയിപ്പതിനുമാകാ—
തിമഹിയിലെത്രയനുരക്തിതുലയുന്നു.

x x x x x

എത്തിയവൾവെയ്ക്കുമൊരുകൈത്തിരികെടുത്താ—
നുത്തരളവാതമവിടത്തിലണവീല;
മൂങ്ങകളുമച്ചുരിവിലെങ്ങുമൊരുപോതും
മൂളിടുവതില്ലവൾതിരിഞ്ഞുമറവോളം.
കൂമ്പിനയനങ്ങൾചെറുതാലഘുമഹസ്സിൻ—
കാമ്പിലവൾചേർത്തുനിലകൊള്ളുമവസാനം.
രണ്ടുനറുമുത്തുനിപതിക്കു, മതുതാനാ
തണ്ടലർമനോജ്ഞമിഴിതന്റെയുപഹാരം.
ശാന്തികരമച്ചെറുമിസാന്ത്വനമിവണ്ണം
താന്തഹൃദയത്തിനഥചെയ്യുപതിവായി,
സ്നേഹമൊട്ടുമായതിലജിതിയെഴമേതോ
ദേഹിയുടെസന്നിധിയിൽനിന്നുചിരിയുന്നു.

# ശുക്രനക്ഷത്രം

റ്റി. കെ. കൃഷ്ണപ്പണിക്കർ-ക്ലാസ്സ് II

മലയാചലത്തിലെമാമരങ്ങളിൽതട്ടി–
യുലകിൽപരന്നിതുപ്രത്യൂഷഃകുളുർതെന്നൽ;
നീർനിറഞ്ഞിരുപാടുമാററുവഞ്ചികൾതിങ്ങും
വാർപമ്പാപ്രവാഹത്തിന്നാരവംകേൾക്കാമാരാൽ
കൂട്ടുകൾക്കകത്തുണന്നിരുന്നുവിശേശനെ
കൂജിതാലാപങ്ങളാൽസ്തുതിപ്പൂഖഗവൃന്ദം,
നിദ്രവിട്ടുലകെല്ലാംഉണരുന്നതിൻമുന്ന–
മുദ്രേകചിന്താഗ്രസ്തനാമിവൻഎഴുനേററു,
താരകഗണമസ്തശോഭരായണയുമ–
ശ്ശാരദാംബരവേദിയാകവേദർശിച്ചുഞാൻ.
ഹന്തയെൻനയനങ്ങളുദ്യന്നിശ്ചേഷ്ടങ്ങളാ–
യെന്തിലോപതിഞ്ഞുപോയ്,അല്ല,തെല്ലമൻപോയ്
ഉർവ്വിവിട്ടയന്നിതെന്നന്തരാത്മാവക്ഷണം
നിർവികാരനായ്ചെററുനിന്നുപോയവിടത്തിൽ
ലീനമായ്കിടക്കുന്നൊരാത്മബന്ധത്തെമമ
മാനസവിപഞ്ചികമീട്ടിയാസ്സമയത്തിൽ
പാരിനെപരലോകത്തേക്കുയർത്തീടുംപ്രഭാ–
പൂരമൊന്നമന്നിതപ്പശ്ചിമാംബരത്തിങ്കൽ
ശുക്രനല്ലാതിന്നന്യനാരുവാനിതേമട്ടിൽ
ചക്രവാളത്തിൽവിദ്യുച്ഛക്തിയെവിതറുന്നു.
രാജേന്ദ്രപ്രഭാവനാമേതൊരുസാമന്തനി–
ത്തേജസാസ്വയംഅഗ്രേരാജിപ്പൂവിഹായസ്സിൽ
വാനാകുംക്ഷേത്രത്തിൽനിന്നീമഹീതലത്തേക്കായ്
ആത്മികചൈതന്യത്തെദേചത്തീടുന്നോനിപ്പുമാൻ.
മഞ്ഞുനീർകണികകളഗ്രത്തിൽവിളങ്ങുന്ന
നെല്ലോലക്കതിരുകൾആനന്ദനൃത്തംകൊണ്ടു,
മൊട്ടുകൾവിരിഞ്ഞന്തസൌകുമാര്യത്തെക്കാട്ടും
മട്ടലർനിരകളെപ്പൂങ്കയിലേന്തിക്കൊണ്ടു
ആനന്ദവിലോലിതയായൊരപ്രകൃതിയെ
ആദിത്യദേവങ്കലേക്കർപ്പിച്ചീടുന്നോനിവൻ.

പ്രാതഃകാലത്തിൻശുഭാശംസകൻധരിത്രിയെ
ശോഭനാകൃതിയിലേക്കാനയിച്ചിട്ടുംധന്യൻ
നിൻകതിർപ്രഭകൊണ്ടെൻമാനസഭിത്തിയിങ്കൽ
വെൺകളിയതിലേറെച്ചിത്രങ്ങളെഴുതിഞാൻ
ആകാശസരിത്തിലെത്തോണിയായിട്ടുംനീതാൻ
പാലാഴിതന്നിൽദിവ്യപൂമങ്കയായിക്കാണ്മൂ
പാലൊളിമന്ദസ്മിതമുതിരുന്നോമൽച്ചുണ്ടിൽ
തൂമുല്ലമൊട്ടിന്നെതിർദന്തമായിടുന്നുനീ
കുഞ്ചിതാളകങ്ങൾതന്നടിയിൽഒളിഞ്ഞുനീ
അംഗനാകർണ്ണങ്ങളിൽചൂളികാഭരണമായ്.

പലനാളേകാഗ്രത്തിലേകനായിരുന്നുഞാൻ
പലഗീതങ്ങൾപാടിത്തവരൂപത്തെപ്പാർത്തു
അഹഹോ! ഏകത്വത്തിൽ നാനാത്വം,നാനാത്വത്തിൽ
അതുപോലേകത്വവുമിതുതാൻസാക്ഷാത്കാരം
കല്പാന്തകാലംവന്നിബ്രഹ്മാണ്ഡംനശിക്കട്ടെ-
ന്നപ്പൊഴുംനിൻരൂപമെൻഹൃത്തളികയിൽപൊങ്ങും

# പൊതുമുതൽ ശാസ്ത്രത്തിൻെറ അടിസ്ഥാനതത്വം— അതെങ്ങനെ പ്രായോഗികമാക്കാം?

[വി. ഡി. ആൻറണി—IV U.C.]

പൊതുമുതൽ ശാസ്ത്രത്തിനു്, സാമുദായികശാസ്ത്രങ്ങളുടെ ഗണത്തിൽ അതർഹിക്കുന്ന പ്രാധാന്യം ലഭിച്ചതു്, ഇരുപതാംശതാബ്ദത്തിൽമാത്രമാണു്. പത്തൊൻപതാംശതകത്തിലെ ധനകാര്യവിദഗ്ദ്ധന്മാരായിരുന്ന ഗ്ലാഡ്സ്റ്റൻ, പാർണൽ മുതലായവർ രാഷ്ട്രത്തിൻെറ സാമ്പത്തികവ്യാപാരങ്ങൾ കഴിയുന്നതും സങ്കുചിതമായിരിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. "എല്ലാം വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കുക. വ്യക്തിക്കു സ്വന്തംകാര്യങ്ങൾ വേണ്ടുംപോലറിയാം. അയാളുടെ സാമ്പത്തികകാര്യങ്ങളിൽ രാഷ്ട്രം തലയിടാൻ പാടില്ല" ഇതായിരുന്നു ഇവരുടെ ചിന്താഗതി. സാമ്പത്തികപ്രശ്നങ്ങളിൽ വ്യക്തിസ്വാതന്ത്ര്യത്തിനു മുൻഗണന കൊടുത്തിരുന്ന ആഡം സ്മിത്തിൻെറ ധനശാസ്ത്രതത്വങ്ങളെ വേദവാക്യങ്ങളായി അംഗീകരിച്ചതിൻെറ ഫലമായിട്ടാണു് ഗ്ലാഡ്സ്റ്റനും അനുയായികളും ഈ കുപഥത്തിൽ സഞ്ചരിക്കാൻ ഇടയായതു്. എന്നാൽ ഇരുപതാംശതാബ്ദത്തിൻെറ ആരംഭത്തോടെ ഈ മനോഭാവത്തിനു ഒരു മാററം വന്നു. മനുഷ്യസമുദായത്തിൻെറ അഭൂതപൂർവ്വമായ പുരോഗമനം രാഷ്ട്രത്തിൻെറ സാമ്പത്തികാവശ്യങ്ങളെ പതിന്മടങ്ങു വിപുലമാക്കി. തൻെറ ശക്തിയും സാമർത്ഥ്യവുംകൊണ്ടുമാത്രം നേരിടാൻ വിഷമമായ പല പ്രശ്നങ്ങളും വ്യക്തിയുടെ ജീവിതത്തിൽ ആവിർഭവിച്ചു. ഈ പ്രശ്നങ്ങൾക്കു തൃപ്തികരമായ പ്രതിവിധികൾ കണ്ടുപിടിക്കുതിനു് രാഷ്ട്രത്തിൻെറ സഹായം വ്യക്തിക്കു അപരിത്യാജ്യമായിത്തീൎന്നു. തൽഫലമായി ധനശാസ്ത്രപണ്ഡിതന്മാർ പൊതുമുതൽശാസ്ത്രപഠനത്തിൽ ഒരു സജീവമായ ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. ഇങ്ങനെയാണു പൊതുമുതൽ ശാസ്ത്രം അതിൻെറ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചേൎന്നതു്.

ഇനിയും പൊതുമുതൽശാസ്ത്രം എന്താണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതുപോലെയുള്ള സംക്ഷിപ്തമായ ഒരുപന്യാസത്തിൽ ഈ ശാസ്ത്രത്തിൻെറ എല്ലാ വശങ്ങളേയും ഉൾക്കൊള്ളുന്ന ദീർഘമായ ഒരു നിർവ്വചനത്തിനു സ്ഥാനമില്ല. സമഗ്രമായ ഒരു സാമാന്യവിവരണംകൊണ്ടു തൃപ്തിപ്പെടുന്നതിനു മാത്രമെ തൽക്കാലം നിവൃത്തിയുള്ളു. രാഷ്ട്രവും അതു

പോലെതന്നെ ജനസഞ്ചയത്തിൻെറമേൽ അധികാരമുള്ള മററു പൊതു സ്ഥാപനങ്ങളും അവയുടെ ഭരണനിർവഹണത്തിനാവശ്യമായ ധനം എങ്ങനെ ഉണ്ടാക്കുന്നു? ഉണ്ടാക്കുന്ന ധനത്തെ എങ്ങനെ വ്യയംചെയ്യുന്നു? ഇവരണ്ടുമാണ്, പൊതുമുതൽശാസ്ത്രത്തിൻെറ പരമപ്രധാനമായ പ്രതിപാദ്യവിഷയങ്ങൾ.

ഏതെങ്കിലും ഒരു വിഷയം ശാസ്ത്രത്തിൻെറ പദവിയിലെത്തണമെങ്കിൽ, അതിന് ഒരടിസ്ഥാനതത്വം കൂടിയേകഴിയൂ. ഇപ്രകാരമുള്ള ഒരടിസ്ഥാനതത്വം പൊതുമുതൽശാസ്ത്രത്തിനുമുണ്ട്. സംജ്ഞാസൗകര്യത്തിനുവേണ്ടി ഇതിനെ "ഭൂരിസുഖസിദ്ധാന്ത"മെന്നോമറോ വ്യവഹരിക്കാം. കഴിയുന്നതും ലളിതമായ ഭാഷയിൽ പറയുകയാണെങ്കിൽ,"ഭൂരിസുഖസിദ്ധാന്തം"കൊണ്ടു നാം ഉദ്ദേശിക്കുന്നതു്, ഒരു രാഷ്ട്റത്തിൻെറ സാമ്പത്തികവ്യാപാരങ്ങൾ ആ രാഷ്ട്രത്തിൻെറ തണലിൽ അധിവസിക്കുന്ന ജനസമുദായത്തിന് ഏററവും കൂടുതലായ പ്രയോജനം നൽകുന്ന വിധത്തിലായിരിക്കണമെന്നു മാത്രമാകുന്നു. ഒരു രാഷ്ട്രത്തിൻെറ സാമ്പത്തികവ്യാപാരങ്ങളെന്നു പറയുന്നതു എന്താണ്? കുറെ കൈമാററങ്ങൾ മാത്രം. രാഷ്ട്രം ജനങ്ങളിൽനിന്നു നികുതിവാങ്ങുന്നു; അതിൽ നിന്നു ലഭിക്കുന്ന ആദായം ജനോപകാരപ്രദങ്ങളായ പദ്ധതികളിൽ വിനിയോഗിക്കുന്നു; അങ്ങനെ ജനങ്ങളിൽനിന്നും ഈടാക്കിയ മുതൽ ജനങ്ങളിൽതന്നെ വീണ്ടും ചെന്നുലയിക്കുന്നു. ഇതുകൊണ്ടാണ് രാഷ്ട്രത്തിൻെറ സാമ്പത്തികവ്യാപാരങ്ങൾ കുറെ കൈമാററങ്ങൾ മാത്രമാണെന്നു ഞാൻ പറഞ്ഞതു്. ഭൂരിസുഖസിദ്ധാന്തംകൊണ്ടു നാം വിവക്ഷിക്കുന്നതു ഈ കൈമാററങ്ങൾ ജനസാമാന്യത്തിന് എത്രയും ക്ഷേമദായകമായിരിക്കണമെന്നത്രെ.

ഈ കൈമാററങ്ങളിൽ ഭൂരിസുഖസിദ്ധാന്തം പാലിച്ചിട്ടുണ്ടെന്നു നാം എങ്ങനെയാണു നിർണ്ണയിക്കുക? ഇതിനു മുഖ്യമായി രണ്ടുപാധികളാണുള്ളതു്. ഒന്ന്, രാജ്യത്തിലെ നികുതിക്രമം, മററതു് ധനവ്യയക്രമവും. നികുതിക്രമം, ധനവ്യയക്രമം, ഇവകൊണ്ടു നാം പ്രധാനമായി വിവക്ഷിക്കുന്നതു് ജനങ്ങളുടെ മേൽ നികുതി ചുമത്തുന്നതിലും തൽഫലമായി ലഭിക്കുന്ന ആദായത്തെ വിനിയോഗിക്കുന്നതിലും ഒരു രാഷ്ട്രം, അഥവാ ഗവണ്മെൻറ് അംഗീകരിച്ചിരിക്കുന്ന തത്വങ്ങളെയാണ്. ഈ തത്വങ്ങളെ ആദരിച്ചുള്ള രാഷ്ട്രത്തിൻെറ സാമ്പത്തികവ്യാപാരങ്ങൾ സമുദായഗാത്രത്തിൻെറ സ്വഛന്ദവും ആരോഗ്യകരവുമായ വളർച്ചയ്ക്കുതകുന്നവയാണോ?അങ്ങനെ ഉതകണമെങ്കിൽ രാഷ്ട്രം അതിൻെറ ധനസംബന്ധമായ പ്രവൎത്തനങ്ങളിൽ—പ്രധാനമായി നികുതി വസൂൽ ചെയ്യുന്നതിലും തന്നിമിത്തം ലഭിക്കുന്ന ആദായം വിനിയോഗിക്കുന്നതിലും—സ്വീകരിക്കേണ്ട ആദർശങ്ങൾ ഏവയാണ്?

ആദ്യമായി നമുക്കു നികുതിയെത്തന്നെ എടുക്കാം. ഏതെങ്കിലും ഒരു നികുതിസമ്പ്രദായത്തിൽ "ഭൂരിസുഖസിദ്ധാന്തം" പ്രായോഗികമാക്കണമെങ്കിൽ അതു ത്യജിക്കേണ്ടതും ആദരിക്കേണ്ടതുമായ തത്വങ്ങൾ പലതുണ്ട്. ചില അൎത്ഥശാസ്ത്രാഭിജ്ഞന്മാരുടെ അഭിപ്രായപ്രകാരം രാഷ്ട്രത്തിന്റെ ആദായത്തിനുവേണ്ടി മാത്രമെ നികുതി ചുമത്താൻ പാടുള്ളൂ. എന്നാൽ ഈ അഭിപ്രായം നികുതിയുടെ സാന്മാൎഗ്ഗികവും സാമുദായികവുമായ വശങ്ങളെ അവഗണിക്കയാണു ചെയ്യുന്നതു്. ഈ അഭിപ്രായത്തിനു, മുൻപുണ്ടായിരുന്ന പ്രചാരവും പ്രാബല്യവും ഇപ്പോഴില്ലെന്നു പറയേണ്ടിയിരിക്കുന്നു. മററൊരുകൂട്ടം അൎത്ഥമീമാംസകന്മാരു (Economists) ടെ വാദം, നികുതിയെന്നു പറയുന്നതു് രാഷ്ട്രജനതയ്ക്കു സേവനങ്ങൾക്കുള്ള ഒരു പ്രതിഫലം മാത്രമായിരിക്കണമെന്നാണു്. ഇതും ആദരണീയമായ ഒരാദർശമാണെന്നു പറയാൻ പാടില്ല. ഇതുരണ്ടുമല്ല, നികുതിയുടെ സൎവ്വപ്രധാനമായ ലക്ഷ്യം ജനതയുടെ സന്മാൎഗ്ഗത്തിനും ആരോഗ്യത്തിനും ഹാനികരങ്ങളായ സാധനങ്ങളുടെ ഉപയോഗത്തെ നിരോധിക്കയെന്നതാണെന്നു വേറൊരുകൂട്ടർ വാദിക്കുന്നു. ഈ ലക്ഷ്യം പ്രാപിക്കുന്നതിനായി, ലഹരിസാധനങ്ങളുടെ മേൽ ഭീമമായ നികുതി ചുമത്താൻ ഇവർ ഉപദേശിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൽനിന്നുണ്ടാകുന്ന ആദായംകൊണ്ടു, പ്രയോജനകരങ്ങളായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയുമെന്നാണു് ഇക്കൂട്ടരുടെ വാദം. ഇനിയും നാലാമതൊരു കൂട്ടരുണ്ടു്. ഇവർ പറയുന്നതു് നികുതിയുടെ പ്രധാനമായ ഉന്നം, പ്രയോജനകരങ്ങളായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കയും അല്ലാത്തവയെ ഭഗ്നോത്സുകമാക്കയും ചെയ്യുകയെന്നതായിരിക്കണമെന്നാണു്. രാജ്യക്ഷേമത്തിനു് സഹായകമായ വ്യവസായങ്ങളുടെമേൽ കഴിയുന്നതും ലഘുവായ നികുതിമാത്രം ചുമത്തുക, അല്ലാത്തവയുടെമേൽ ഘനമായ നികുതി ചുമത്തുക; ഇതാണു് ഇവർ ചൂണ്ടിക്കാണിക്കുന്ന മാൎഗ്ഗം. ജനസമുദായത്തിൽ രാഷ്ട്രീയവും സാമ്പത്തികവുമായ നവീനപദ്ധതികൾ നടപ്പാക്കുന്നതിനായി അധികൃതഹസ്തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഒരായുധം മാത്രമായിട്ടു നികുതിയെ വീക്ഷിക്കുന്നവരും ഇല്ലാതില്ല. വാഗ്നറിന്റെ സിദ്ധാന്തം ഇതിൽനിന്നെല്ലാം വിഭിന്നമാണു്. ധനവിതരണക്രമത്തിലുള്ള അസമത്വങ്ങളെ ദൂരീകരിക്കയാണു നികുതികൊണ്ടു സാധിക്കേണ്ടതെന്നു അദ്ദേഹം പറയുന്നു. ഈ പറഞ്ഞ അഭിപ്രായങ്ങളിലെല്ലാം തന്നെ ഗുരുതരമായ ന്യൂനതകളുണ്ടു്. ഒരു രാജ്യത്തിലെ നികുതിസമ്പ്രദായത്തെ ഉത്തമമായി രൂപവൽകരിക്കുന്നതിനു്, നാം വേറെ ആദർശങ്ങൾ തേടേണ്ടിയിരിക്കുന്നു. ഇവ എന്തെല്ലാമാണു്? അടുത്ത ഏതാനും ഖണ്ഡികകളിലായി, ഈ

ചോദ്യത്തിന സംക്ഷിപ്തമായ ഒരുത്തരം നൽകുന്നതിന് ഞാൻ ശ്രമിക്കാം.

ആധുനികധനശാസ്ത്രത്തിൻെറ ജനയിതാവായ ആഡംസ്മിത്തിന് ഈ വിഷയത്തെപ്പററി എന്താണ പറയാനുള്ളതെന്നു നമുക്കാദ്യമേ കേൾക്കാം. അദ്ദേഹം പറയുന്നു:—നീതി, നിഷ്കൃഷ്ടത, സൗകര്യം, മിതത്വം, എന്നീ നാലു തത്വങ്ങളെ മുൻനിറുത്തിവേണം ഒരു രാജ്യത്തിലെ നികുതിക്രമം രൂപവൽകരിക്കേണ്ടതെന്നു. നീതി എന്നതുകൊണ്ട് ആഡംസ്മിത്ത് ഉദ്ദേശിക്കുന്നത്, ഓരോ വ്യക്തിയും രാജ്യരക്ഷയിൻകീഴിൽ അനുഭവിക്കുന്ന സമ്പത്തിൻെറ തോതനുസരിച്ചുള്ള ഒരു വീതം രാജ്യഭണ്ഡാരത്തിലേയ്ക്കു കൊടുക്കണമെന്നാണ്. നിഷ്കൃഷ്ടത എന്ന രണ്ടാമത്തെ തത്വംകൊണ്ടു അദ്ദേഹം വിവക്ഷിക്കുന്നത് ഈ വീതം (അതായത്, നികുതി) കൊടുക്കേണ്ട സമയം, വിധം, വീതത്തിൻെറ തുക, ഇവ വ്യക്തവും സുനിശ്ചിതവുമായിരിക്കണമെന്നാകുന്നു. നികുതി ഈടാക്കുന്ന സമയവും വിധവും നികുതി കൊടുക്കുന്ന ആളിന് ഏററവും സൗകര്യപ്രദമായിരിക്കണമെന്നുള്ളതാണ്, സൗകര്യം എന്ന മൂന്നാമത്തെ തത്വത്തിൻെറ സാരം. രാജ്യഭണ്ഡാരത്തിൽ വന്നുചേരുന്ന മുതലിനെ കവിഞ്ഞു ജനങ്ങളിൽനിന്നു വസൂൽ ചെയ്യുന്ന തുക കഴിയുന്നതും കുറഞ്ഞിരിക്കണമെന്ന്, അതായത്, നികുതി പിരിക്കുന്നതിൽ ഗവണ്മെൻറിനുണ്ടാകുന്ന ചെലവും കൊടുക്കുന്നതിൽ വ്യക്തികൾക്കും സമുദായത്തിനുമുണ്ടാകുന്ന നഷ്ടവും എത്രയും ചുരുങ്ങിയിരിക്കണമെന്ന്, മിതത്വം എന്ന നാലാമത്തെ തത്വം നമ്മെ ഉൽബോധിപ്പിക്കുന്നു.

മേലുദ്ധരിച്ച തത്വങ്ങൾക്കു പുറമെ, ഒരു നികുതിസമ്പ്രദായം ജനക്ഷേമകരമായിത്തീരുന്നതിനു അവശ്യം അനുവർത്തിക്കേണ്ടതായ വേറെ ചില തത്വങ്ങളുമുണ്ട്. ഏതെങ്കിലും ഒരു നികുതി ജനങ്ങളുടെമേൽ ചുമത്തുന്നത് ന്യായയുക്തമാകണമെങ്കിൽ, തക്കതായ ആദായം അതുമൂലം ഗവണ്മെൻറിനുണ്ടാകണം. ഇക്കാരണത്താൽ അനേകം ചെറുനികുതികളേക്കാൾ അഭിലഷണീയമായിട്ടുള്ളത് ഒരു വൻനികുതിയാണ്. അനേകം ചെറുനികുതികൾ പിരിക്കുന്നതിന് ഗവമ്മെൻറ് വളരെ ധനനഷ്ടവും സമയനഷ്ടവും സഹിക്കേണ്ടിവരും. എന്നാൽ ഒരു നികുതികൊണ്ടു വമ്പിച്ച ആദായം ഉണ്ടാകുമെന്നിരുന്നാലും അതു ജനങ്ങളുടെ ധനാഗമമാർഗ്ഗങ്ങളെ ശോഷിപ്പിക്കുന്നതാണെങ്കിൽ, അത് അനുവദനീയമല്ല. അടുത്തതായി പരിഗണിക്കാനുള്ള മറെറാരു തത്വം ഗവമ്മെൻറിനു അപ്രതീക്ഷിതമായ ആവശ്യങ്ങൾ നേരിടുമ്പോൾ വർദ്ധിപ്പിക്കത്തക്കവണ്ണം വഴക്കമുള്ള കുറെ നികുതികളെങ്കിലും ഒരു നികുതിസമ്പ്രദായത്തിൽ വേണമെന്നുള്ളതാണ്. രാജ്യത്തിലെ ജനസംഖ്യയിലും സമ്പത്തിലും വന്നുചേരു

ന്ന വ്യതിയാനങ്ങളനുസരിച്ച് വ്യത്യസ്തമാക്കാവുന്നതായിരിക്കണം ഉത്തമമായ ഒരു നികുതിസമ്പ്രദായം. ശാലീനതയാണ് പ്രധാനമായ മറെറാരു തത്വം. ഇതുകൊണ്ടു നാം അർത്ഥമാക്കുന്നതു്, നികുതിക്രമം സാമാന്യബുദ്ധികൾക്കുപോലും നിഷ്പ്രയാസം ഗ്രഹിക്കത്തക്കവണ്ണം വ്യക്തവും ശാലീനവുമായിരിക്കണമെന്നത്രെ. ഒരു നികുതിസമ്പ്രദായത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ നികുതികൾ ഉൾപ്പെട്ടിരിക്കുമെന്നുള്ളതു് അതിപ്രധാനമായ മറെറാരു തത്വമാണ്. ഗവമ്മെൻറ് ജനങ്ങളിൽനിന്നും നേരിട്ട് ഈടാക്കുന്ന നികുതിയെയാണ്, പ്രത്യക്ഷനികുതികൊണ്ടു ഇവിടെ വിവക്ഷിക്കുന്നതു്. പരോക്ഷനികുതിയെന്താണെന്ന്, ഒരു ചെറിയ ഉദാഹരണംകൊണ്ടു വെളിവാക്കാം. നിങ്ങൾ ഒരു കരുപ്പട്ടിറിക്കാരനാണെന്നിരിക്കട്ടെ. അങ്ങനെയാണെങ്കിൽ, കരുപ്പുവാങ്ങുമ്പോൾ, നിങ്ങൾ അറിയാതെതന്നെ, കരുപ്പിൻെറ മേൽ ഗവർമ്മെൻറിൽനിന്നു ചുമത്തിയിട്ടുള്ള നികുതിയുടെ ഒരു ഭാഗംകൂടി കൊടുക്കുന്നുണ്ടു്. ഒരു നികുതിക്രമം മാതൃകായോഗ്യമായിത്തീരണമെങ്കിൽ, ഈ രണ്ടുതരം നികുതികളും ഇതിൽ ഉൾപ്പെട്ടിരിക്കണം.

ധനവ്യയപദ്ധതിയിലേയ്ക്കു കടക്കുന്നതിനു മുൻപായി നികുതിസംബന്ധമായ ഒരു തത്വംകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു വാക്കിൽ ഇതിനെ "സമത്യാഗ"മെന്നോ "ത്യാഗസമത്വ"മെന്നൊ പറയാം. നികുതി കൊടുക്കുന്നതിൽ ഓരോ വ്യക്തിയും സഹിക്കേണ്ടിവരുന്നതായ ത്യാഗം തുല്യമായിരിക്കണമെന്നത്രെ, ഈ തത്വത്തിൻെറ സാരം. എല്ലാവരും തങ്ങളുടെ ആദായത്തിൽ ഒരു നിഷ്കൃഷ്ടശതമാനം നികുതിയായി കൊടുക്കുന്നതായാൽ ത്യാഗം സമമായിരിക്കുമെന്നു വിചാരിക്കുന്നതു് മൌഢ്യമാണ്. നൂറുരൂപാ ആദായക്കാരനും ആയിരം രൂപാ ആദായക്കാരനും തങ്ങളുടെ ആദായത്തിൽ പത്തുശതമാനം വീതം നികുതിയായി കൊടുക്കുന്നതായാൽ അവർ സഹിക്കേണ്ടിവരുന്ന ത്യാഗം തുല്യമായിരിക്കയില്ല. ഒരു സമ്പന്നൻെറ ആദായം വദ്ധിക്കുന്തോറും വദ്ധിതഭാഗത്തിൻെറ പ്രയോജനം കുറഞ്ഞുകുറഞ്ഞു വരുമെന്നുള്ളതു് അത്ഥമീമാംസയിലെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. ഈ തത്വം സാധൂകരിക്കാമെങ്കിൽ, നൂറുരൂപാക്കാരൻ പത്തുശതമാനം നികുതി കൊടുക്കുമ്പോൾ ആയിരം രൂപാക്കാരൻ പതിനഞ്ചുകൊടുക്കണം. ആയിരക്കാരനിൽനിന്നു പതിനഞ്ചു ശതമാനം വസൂൽ ചെയ്യുമ്പോൾ പതിനായിരക്കാരനിൽനിന്നും ഇരുപത്തഞ്ചു ശതമാനമെങ്കിലും ഈടാക്കേണ്ടതാണ്. നികുതി ചുമത്തുന്നതു് ഈ ക്രമമനുസരിച്ചു് മുൻപോട്ടു പോയെങ്കിൽ മാത്രമെ, വിഭിന്നവ്യക്തികളുടെ ത്യാഗത്തിൽ സമത്വം പാലിക്കാൻ സാധിക്കയുള്ളു. നൂറോ, അതിൽ കുറവോ ആയ ആദായങ്ങളെ മേൽപറഞ്ഞ ക്രമമനുസരിച്ചു നികുതി ചുമ

ത്തുന്നതും ക്ലേശങ്ങൾ തുല്യമായി വീതിച്ചുകൊടുക്കുന്നതിനുള്ള മറെറാരു മാർഗ്ഗമാണു്. ഒരാളുടെ പ്രയത്നംകൊണ്ടു സമ്പാദിക്കുന്ന ആദായത്തെയും പ്രയത്നം കൂടാതെ (അവകാശം വഴിയായുംമററും)ലഭിക്കുന്ന ആദായത്തെയും രണ്ടായി തരം തിരിച്ചു ആദ്യത്തേതിൽ നിന്നു ലഘുവായും രണ്ടാമത്തേതിൽനിന്നു ഘനമായും നികുതി വസൂൽ ചെയ്യുന്ന സമ്പ്രദായവും നികുതിക്രമത്തിൽ സമത്വം പുലർത്തുന്നതിനുള്ള മറെറാരു വഴിയാണു്. ഇതേ താരതമ്യവിവേചനംതന്നെ താൽക്കാലികവും സ്ഥിരവുമായ ആദായങ്ങളുടെ കാര്യത്തിലും അനുവർത്തിക്കുന്നതു ആശാസ്യമായിരിക്കും. ആദ്യത്തേതിൽ നിന്നു് താരതമ്യേന കുറവായും രണ്ടാമത്തേതിൽ നിന്നു കൂടുതലായും നികുതി ഈടാക്കാം. ഇനിയും ഈ ലക്ഷ്യപ്രാപ്തിക്കുള്ള മറെറാരു പന്ഥാവു് വ്യക്തികളുടെ കാര്യത്തിലും ഇതേ തത്വം തന്നെ അംഗീകരിക്കയെന്നുള്ളതാണു്. ആയിരം രൂപാ ആദായക്കാരനായ ഒരവിവാഹിതൻെറ മേൽ, അതേ ആദായംതന്നെ ലഭിക്കുന്ന ഒരു കുടുംബസ്ഥനേക്കാൾ കൂടുതലായ നികുതി ചുമത്തുന്നതിൽ യാതൊരന്യായവുമില്ല. ഇത്രയുംകൊണ്ടു, ജനസമുദായത്തിൽ "ഭൂരിസുഖ"തത്വം സാർത്ഥകമാക്കുന്നതിനു് ഒരു രാജ്യത്തിലെ നികുതിക്രമം ഉൾക്കൊള്ളേണ്ടതായ തത്വങ്ങളെ സമഗ്രമായി പ്രതിപാദിച്ചുകഴിഞ്ഞു. അടുത്തതായി നമുക്കു ധനവ്യയക്രമത്തെ പരിശോധിക്കാം.

ഒരു രാഷ്ട്രത്തിനു രണ്ടുതരത്തിലുള്ള ചെലവുകളാണുള്ളതു്. ഒന്നു് അനുപേക്ഷണീയവും മററതു ഐച്ഛികവും. ഇതിൽ ആദ്യത്തേതിനു അമിതപ്രാധാന്യംകൊടുത്തു രണ്ടാമത്തേതിനെ അവഗണിക്കയെന്നതു്, ഉത്തമമായ ഒരു ധനവ്യയപദ്ധതിയുടെ ലക്ഷണമല്ല. അതുപോലെതന്നെ ജനതയിൽ ഒരു പ്രത്യേകവിഭാഗത്തിൻെറയൊ, ഏതാനും ചില വ്യക്തികളുടെയോ താല്പര്യങ്ങളായിരിക്കരുതു് ധനകാര്യമന്ത്രിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതു്; പ്രത്യുത, ജനതയുടെ ആകമാനമായ നന്മയായിരിക്കണം. ചുരുക്കിപ്പറയുന്നതായാൽ, നികുതി കൊടുക്കുന്നതുനിമിത്തം ജനങ്ങൾ സഹിക്കേണ്ടതായി വരുന്നതായ ക്ലേശങ്ങളെ നിശ്ശേഷം പരിഹരിക്കുന്ന തരത്തിലുള്ളതായിരിക്കണം ഒരു രാജ്യത്തിലെ ധനവ്യയപദ്ധതി. ചെലവു കഴിയുന്നതും ചുരുക്കുകയെന്നതിനേക്കാൾ അതു കഴിയുന്നതും ബുദ്ധിപൂർവ്വം ചെയ്യുന്നതിനായിരിക്കണം ഒരു ധനകാര്യവിദഗ്ദ്ധൻെറ പരിശ്രമം. ഒരു വ്യക്തി തൻെറ ചെലവുകണക്കുകൾ പരിശോധിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന ജാഗ്രതതന്നെ രാഷ്ട്രത്തിൻെറ ചെലവു നിയന്ത്രിക്കുന്ന ധനകാര്യമന്ത്രിക്കും ആവശ്യമാണു്. ഒരു രാഷ്ട്രത്തിൻെറയൊ, അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും അധികൃതസ്ഥാപന

ത്തിന്റെയൊ ശക്തിക്കപ്പുറമായ ചെലവുകളൊന്നും അതു അനുവദിച്ചുകൂടാത്തതാകുന്നു. ഇതിനും പുറമെ, ഒരു രാജ്യത്തിലെ ധനവ്യയപദ്ധതി ജനങ്ങളുടെ സ്വതന്ത്രമായ വിമർശനത്തിനു വിധേയമായിരിക്കണം. ജനതയുടെ ആവശ്യങ്ങളനുസരിച്ചു വിപുലമാക്കുന്നതിനൊ, സങ്കുചിതമാക്കുന്നതിനൊ വേണ്ടതായ എല്ലാ സൗകര്യങ്ങളും ഉത്തമമായ ഒരു ധനവ്യയക്രമത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

പൊതുമുതൽ ചെലവിടുന്ന ഭരണസാരഥികൾ അറിഞ്ഞിരിക്കേണ്ട മറ്റൊരു സംഗതി, വരവുചെലവുകൾ തമ്മിൽ പൊരുത്തം വേണമെന്നുള്ളതാണ്. ചെലവ് എപ്പോഴും വരവിനേക്കാൾ കൂടിയിരിക്കയെന്നതു് ആശാസ്യമായ ഒരു ലക്ഷണമല്ല. ഈ ന്യൂനത പലരാജ്യങ്ങളിലും വിപ്ലവങ്ങൾക്കു വിത്തുപാകിയിട്ടുണ്ട്. ഒന്നോരണ്ടോ പ്രാവശ്യം ഇങ്ങനെ സംഭവിക്കയെന്നതു് ക്ഷന്തവ്യമാണ്. എന്നാൽ കൂടക്കൂടെ ഇങ്ങനെ സംഭവിക്കുക, ധനവ്യയക്രമത്തിലുള്ള ഏതോ ഗർഹണീയമായ ന്യൂനതയെയാണ് വിളിച്ചറിയിക്കുന്നതു്. അതുപോലെതന്നെ, വരവ് എപ്പോഴും ചെലവിനേപ്പാൾ കടന്നിരിക്കുന്നതും അത്ര അഭികാമ്യമായ ഒരവസ്ഥയല്ല. മിച്ചം പലപ്പോഴും അനഭിലഷണീയമായ ചെലവുകൾക്കും ചിലപ്പോൾ ധൂർത്തിനും കാരണമാകുന്നതാണ്. ഇതിനും പുറമെ, ഈ മിച്ചം ജനോപകാരപ്രദങ്ങളായ പല പദ്ധതികളെയും ബലികഴിച്ചതിന്റെ ഫലവുമായിരിക്കും. അതിനാൽ, വരവ് എപ്പോഴും ചെലവിനേക്കാൾ കൂടിയിരിക്കുക; ചെലവ് എപ്പോഴും വരവിനേക്കാൾ കൂടിയിരിക്കുക; ഈ രണ്ടവസ്ഥകളെയും ധനകാര്യമന്ത്രിമാർ ഒന്നുപോലെ വർജ്ജിക്കേണ്ടിയിരിക്കുന്നു.

ഇതോടനുബന്ധിച്ചു ഒന്നുരണ്ടുകാര്യങ്ങൾകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. യുദ്ധോപകരണങ്ങൾക്കുള്ള ചെലവും സൈനികച്ചെലവും കഴിയുന്നതും കുറയ്ക്കുന്നതിനായിരിക്കണം, ധനകാര്യധുരന്ധരന്മാരുടെ പരിശ്രമം. ഇങ്ങനെ കുറയ്ക്കുന്നതുമൂലം ഉണ്ടാകുന്ന ആദായത്തെ ധനോല്പാദകങ്ങളായ പദ്ധതികളിൽ വിനിയോഗിക്കേണ്ടതും അത്യാവശ്യമാണ്. താൽക്കാലികമായുണ്ടാകാവുന്ന ഒരു നിസ്സാരലാഭത്തേക്കാൾ ഭാവിയിൽ ലഭിക്കാവുന്ന ഒരു വമ്പിച്ച പ്രയോജനത്തിനായിരിക്കണം, ധനവ്യയപദ്ധതിയിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതു്. ഈ തത്വം നികുതിയുടെ കാര്യത്തിലും ആദരിക്കേണ്ടതാണ്. സാധാരണ പരിതഃസ്ഥിതികളിലെല്ലാം, ഒരു രാജ്യത്തിലെ ധനവ്യയപദ്ധതി, ധനോല്പാദനത്തെ വർദ്ധിപ്പിക്കുന്നതിനും ധനവിതരണക്രമത്തിലുള്ള അസമത്വങ്ങളെ കുറയ്ക്കുന്നതിനു പര്യാപ്തമായിരിക്കണം. തൊഴിൽമാർഗ്ഗങ്ങളെ അഭിവൃദ്ധിപ്പെടുത്തു

ക; ഉല്പന്നങ്ങളുടെ വിലനിരക്കിൽ അനാശാസ്യമായ ഭേദഗതികൾ ധനവ്യയക്രമംമൂലം വരുത്താതിരിക്കുക; ഈ സംഗതികളിലും പൊതുമുതൽ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഒരു രാജ്യത്തിലെ നികുതിക്രമത്തിലും ധനവ്യയക്രമത്തിലും മേൽപറഞ്ഞ തത്വങ്ങളും ആദർശങ്ങളും അന്തർലീനമായിട്ടുണ്ടെങ്കിൽ ജനക്ഷേമദായകങ്ങളായ പല സൽഫലങ്ങളും ജനതാമദ്ധ്യത്തിൽ ഉളവാകാതിരിക്കയില്ല. ഒന്നാമതായി ജനങ്ങളുടെ ധനോല്പാദനശക്തി വദ്ധിക്കും; ചുരുങ്ങിയ യത്നം കൊണ്ടു കൂടുതൽ സമ്പാദിക്കുന്നതിനുള്ള സൗകര്യം രാജ്യത്തിലുണ്ടാകും; ഉല്പന്നങ്ങൾക്കു തരത്തിലും ഗുണത്തിലും മേന്മകൂടും; വേലചെയ്യുന്നതിനും മിച്ചം എടുക്കുന്നതിനും ജനങ്ങൾക്കുള്ള പ്രാപ്തി, അഭിലാഷം, സന്നദ്ധത ഇവ ഗണ്യമായി അഭിവൃദ്ധിപ്പെടും; പ്രയോജനകരങ്ങളായ വ്യവസായങ്ങൾ വളർച്ച പ്രാപിക്കും; തൊഴിൽ മാർഗ്ഗങ്ങൾ വർദ്ധിക്കയും അങ്ങനെ തൊഴിലില്ലായ്മയെന്ന മഹാരോഗത്തിനു അനല്പമായ ശാന്തി ലഭിക്കയും ചെയ്യും; ധനവിതരണക്രമത്തിൽ പൊന്തിനിൽക്കുന്ന അസമത്വങ്ങൾ അല്പാല്പമായി നികന്നുതുടങ്ങും;—ഇപ്രകാരമുള്ള സാമ്പത്തികാനുഗ്രഹങ്ങൾ ഒരു ജനസഞ്ചയത്തെ ആശ്ലേഷിക്കുമ്പോൾ, അവരെ ഭരിക്കുന്ന രാഷ്ട്രത്തിന്റെ സാമ്പത്തികവ്യാപാരങ്ങളിൽ, 'ഭൂരിസുഖസിദ്ധാന്ത'ത്തെ അക്ഷരംപ്രതി പാലിച്ചിട്ടുണ്ടെന്നു നമുക്കു നിസ്സംശയം പ്രസ്താവിക്കാവുന്നതാണ്.